www.malankaralibrary.com

# ജാഗ്രത

എഡിറ്റർ: ബ്രദർ തോമസ് പാലവിള



www.malankaralibrary.com

# ജാഗ്രത

(അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മെത്രാപ്പോലീത്തായുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ)

എഡിറ്റർ
ബ്രദർ തോമസ് പാലവിള

MIMS Publications, Kallumala
2023

www.malankaralibrary.com

**ജാഗ്രത**
(അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മെത്രാപ്പോലീത്തായുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ)

**പ്രസിദ്ധീകരണം**
MIMS Publications, Kallumala

**മുഖചിത്രം**
ബ്രദർ ബെനഡിക്ട് അനുഗ്രഹ

**മുദ്രണം**
മാർ ഈവാനിയോസ് പ്രസ്, ഈരേഴ
27 ജനുവരി 2023

www.malankaralibrary.com

## ഉള്ളടക്കം

| | |
|---|---|
| ആമുഖം | 5 |
| നന്ദിയോടെ | 6 |
| ആശംസ | 8 |
| ആശംസ | 10 |
| ജാഗ്രതയോടെ ഉണർന്നിരിക്കുക | 11 |
| സമ്മതിദാനാവകാശം രാഷ്ട്രനിർമ്മിതിക്ക് | 13 |
| കാരുണ്യത്തിന്റെയും മാനവികതയുടെയും പാരമ്പര്യം ഊട്ടി ഉറപ്പിക്കണം | 15 |
| കാരുണ്യം അവസാനിക്കുന്നില്ല | 18 |
| നവസ്നേഹവൽക്കരണത്തിന്റെ മുമ്പേ പറക്കുന്ന പക്ഷികൾ | 20 |
| മാധ്യമങ്ങൾ സമൂഹത്തിന്റെ നന്മ ലക്ഷ്യം വയ്ക്കണം | 22 |
| സാക്ഷ്യവും ജാഗ്രതയും ഇന്നിന്റെ ആവശ്യം | 25 |
| ആതുരശുശ്രൂഷ: സഭയുടെ മിഷനറി പ്രവർത്തനത്തിന്റെ ഉത്തമ മാതൃകയായി എന്നും നിലകൊള്ളുന്നു | 28 |
| സഭയുടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാം | 31 |
| വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ: ഭാരതസഭയുടെ സാമൂഹിക പ്രതിബദ്ധതയ്ക്ക് ശക്തമായ സാക്ഷ്യം | 34 |

www.malankaralibrary.com

ആശങ്കയുടെ നിഴലിലും സമാധാനത്തിന്റെ
വിത്തുകൾ വിതയ്ക്കാം 37

ലോകത്തെ കീഴടക്കിയവനു പിന്നിൽ
അണിചേരാം 40

പൊതുസമൂഹത്തിന്റെ കാവലാളുകളാണ് നാം 43

സഭയോടൊപ്പം, മനുഷ്യരോടൊപ്പം
ക്രിസ്തുവിലേക്ക് 46

സഭയുടെ തനിമയും വിശ്വാസ്യതയും
സംരക്ഷിക്കണം 49

പ്രളയാനന്തരവും പ്രശ്നഭരിതമായ കേരളം 52

പ്രതിസന്ധികളെ അതിജീവിക്കാൻ
ദൈവത്തിൽ ആശ്രയിക്കുക 56

പാപ്പായും നവോത്ഥാനയാത്രകളും 60

പുനരുത്ഥാനത്തിന്റെ സന്ദേശവാഹകരാകാം 64

എല്ലാവരെയും ഉൾക്കൊണ്ട് മുന്നേറാം 67

കേരളസഭയുടെ പ്രേഷിത ചൈതന്യം
വീണ്ടെടുക്കാം 71

അതിജീവനത്തിനുള്ള സ്നേഹത്തിന്റെ
ശക്തിയാണ് ക്രിസ്തുമസ് 74

www.malankaralibrary.com

# ആമുഖം

ഉറക്കത്തിലും കാത്തുസൂക്ഷിക്കുന്ന ഉണർവാണ് ജാഗ്രത. ഉറക്കത്തിൽ സാമുവേലിനും സ്വപ്നത്തിൽ ജോസഫിനുമുണ്ടായിരുന്നത് ജാഗ്രതയായിരുന്നു. പത്തുകന്യകമാരുടെ ഉപമയിൽ അഞ്ച് പേർ ജാഗ്രതയോടെ കാത്തിരുന്നപ്പോൾ അവർ മണവാളനുമായി വിരുന്നിന് പ്രവേശിച്ചു. ഇതേ ജാഗ്രതയെക്കുറിച്ച് തന്നെയാണ് ക്രിസ്തുവും തന്റെ പരസ്യജീവിതത്തിൽ പ്രസംഗിച്ചത്. സദാ ജാഗരൂകരായിരുന്നുകൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ ക്രിസ്തുവും തന്റെ ജീവിതത്തിലൂടെ ആഹ്വാനം ചെയ്യുമ്പോൾ തന്റെ അജഗണത്തെ ജാഗ്രതയോടെ കാത്തിടുവാൻ എല്ലാ ഇടയന്മാർക്കും ദൗത്യമുണ്ട്. തന്റെ ആടുകളെ ജാഗ്രതയുള്ളവരാക്കാൻ ശ്രമിക്കുന്ന ഒരു ഇടയന്റെ ലേഖന സമാഹരണമാണ് ഈ ഗ്രന്ഥം. ആ ഇടയൻ മാവേലിക്കരുടെ മെത്രാപ്പോലീത്ത ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവാണ്. അഗ്നിമയനായ ഇഗ്നാത്തിയോസിനെപ്പോലെ തന്റെ ആടുകളെ സമകാലിക കാലത്തിൽ ഏത് വിധത്തിലൂടെ ജാഗ്രതയുള്ളവരാക്കാം എന്ന പിതാവിന്റെ പരിശ്രമങ്ങളാണ് ഈ ലേഖന സമാഹാരം. ജാഗ്രത എന്ന പുസ്തകത്തിന്റെ പേര് തന്നെ ഈ ജാഗരൂകനായ ഇടയനിൽ നിന്നും തന്നെയാണ്. പ്രത്യേകമായി പിതാവിന്റെ ഇരുപത്തിയഞ്ചാം മെത്രാഭിഷേക വാർഷികവും നാമഹേതുക തിരുനാളിനുമുള്ള സമ്മാനവുമാണ് ഈ ഗ്രന്ഥം.

**ഫാ. ഗീവർഗീസ് കൈതവന**
റെക്ടർ

www.malankaralibrary.com



## നന്ദിയോടെ...

അനേകരുടെ അക്ഷീണമായ പരിശ്രമങ്ങളുടെ പരിണിതഫലമാണ് ഈ പുസ്തകം.

അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ ഇരുപത്തിയഞ്ചാം മെത്രാഭിഷേക വാർഷികവും നാമഹേതുക തിരുനാളും ആഘോഷിക്കുമ്പോൾ പിതാവ് ജാഗ്രത എന്ന വിഷയത്തിൽ ആസ്പദമാക്കി തയ്യാറാക്കിയ ലേഖനങ്ങൾ സമാഹരിക്കാനും പുസ്തകമാക്കുവാനും സാധിച്ചതിൽ ദൈവത്തിന് നന്ദി അർപ്പിക്കുന്നു. പുസ്തകത്തിനാവശ്യമായ ലേഖനങ്ങൾ കണ്ടെത്തുന്നതിനും ഞങ്ങളെ ആടുകളുടെ മണമുള്ള ഇടയന്മാരാക്കാൻ ശ്രമിക്കുകയും ഈ പുസ്തകത്തിന് വേണ്ട തിരുത്തലുകളും പ്രോത്സാഹനവും നൽകി ഞങ്ങളെ സ്നേഹിക്കുന്ന ഞങ്ങളുടെ റെക്ടർ ഡോ.ഗീവർഗീസ് കൈതവന അച്ചന് സ്നേഹത്തിന്റെ ഭാഷയിൽ നന്ദി.

ഈ പുസ്തകത്തിന്റെ പണിപ്പുരയിൽ ഭാഷാപരമായ തിരുത്തലുകളും മറ്റ് നിർദ്ദേശങ്ങളും നൽകിയ ബഹുമാനപ്പെട്ട തോമസ് പാലവിള അച്ചനും ഇമ്മാനുവേൽ പുന്തലവിളയച്ചനും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു.

ഈ ലേഖനങ്ങളെ പുസ്തകതാളുകളാക്കാൻ എല്ലാവിധ പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകിയ ഞങ്ങളുടെ

www.malankaralibrary.com

റീജൻസി ബ്രദർ ഐസക്ക് പള്ളിമീനത്തേതിലിനോടും ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ ഞങ്ങളെ സഹായിച്ച ഈരേഴ മാർ ഈവാനിയോസ് പ്രസ്സിലെ ബഹു. സി. ജൂലിയറ്റ് എസ്.ഐ.സി. ക്കും ശ്രീമതി സുമിക്കും സഹപ്രവർത്തകർക്കും ഒരായിരം നന്ദി..

അഭിവന്ദ്യ പിതാവിന് ഇരുപത്തിയഞ്ചാം മെത്രാഭിഷേകത്തിനും നാമഹേതുകതിരുനാളിനുമായി കൊടുക്കുന്ന ഈ സമ്മാനത്തിന്റെ മുഖചിത്രം തയ്യാറാക്കിയ ബ്രദർ ബെനഡിക്ട് അനുഗ്രഹയ്ക്കും മറ്റ് എല്ലാ ബ്രദേഴ്സിനും നന്ദി...

എല്ലാത്തിലുമുപരി പ്രാർത്ഥനയോടെ സഹകരിച്ച ഏവർക്കും നന്ദി..

**ബ്രദർ തോമസ് പാലവിള**
എഡിറ്റർ

www.malankaralibrary.com

# ആശംസ

മാവേലിക്കര ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക വാർഷികത്തോടും നാമഹേതുക തിരുനാളിനോടും അനുബന്ധിച്ചു മാവേലിക്കര മാർ ഈവാനിയോസ് മൈനർ സെമിനാരി വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരി ക്കുന്ന 'ജാഗ്രത' എന്ന പുസ്തകത്തിന് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാ പ്പോലീത്താ ജാഗ്രത എന്ന വിഷയത്തോടനുബന്ധിച്ച് എഴുതിയ ലേഖനങ്ങൾ തെരഞ്ഞെടുത്ത് അവ പ്രസിദ്ധീകരണ യോഗ്യമാക്കി, അഭിവന്ദ്യ പിതാവിന് നാമഹേതുക സമ്മാനമായി നൽകുക എന്ന സെമിനാരിക്കാരുടെ ആഗ്രഹത്തിന്റെ സഫലീകരണമാണ് ജാഗ്രത.

വൈദികപരിശീലനം വൈവിദ്ധ്യമാർന്ന മേഖലകളിലെ രൂപീകരണമാണ്. അത്തരത്തിലുള്ള പരിശീലനമാണ് ഈ പുസ് തകം തയ്യാറാക്കുന്നതിലൂടെ സെമിനാരിക്കാർക്ക് ലഭിച്ചിരിക്കു ന്നത്. ഏകാഗ്രതയോടും ചിട്ടയോടും ജാഗ്രതയോടും കൂടി ഉത്തരവാ ദിത്വങ്ങൾ നിർവഹിക്കുവാനും സമയബന്ധിതമായി പൂർത്തിയാ ക്കാനുമുള്ള പരിശീലനമാണ് ഇതിലൂടെ ലഭ്യമാകുക. ഭാവിയിലും ഉത്തരവാദിത്വങ്ങൾ നിർവഹിക്കുവാനും സമയബന്ധിതമായി പൂർത്തീകരിക്കുവാനുമുള്ള പരിശീലനം ഇതിലൂടെ ലഭിക്കുന്നു. ഭാവിയിലും ഇത്തരത്തിലുള്ള സംരംഭങ്ങൾ ഏറ്റെടുക്കുവാനും പ്രസിദ്ധീകരിക്കുവാനുമുള്ള അവസരമായി ഇത് മാറട്ടെ എന്ന് ആശംസിക്കുന്നു.

ഈ ലേഖനങ്ങൾ പുസ്തകരൂപേണയായി പ്രസിദ്ധീകരി ക്കുന്നതിന് പരിശ്രമിച്ച മാർ ഈവാനിയോസ് മൈനർ സെമിനാരി കുടുംബത്തിലെ എല്ലാ സഹോദരങ്ങളെയും പ്രത്യേകിച്ച് എഡിറ്റർ

www.malankaralibrary.com

ബ്രദർ തോമസ് പാലവിളയെയും മുഖചിത്രം തയ്യാറാക്കിയ ബ്രദർ ബെനഡിക്ട് അനുഗ്രഹയെയും ആവശ്യമായ തിരുത്തലുകൾ വരുത്തിയ ബഹു. ഗീവർഗീസ് കൈതവന അച്ചനെയും ഇമ്മാനുവേൽ പുന്തലവിള അച്ചനെയും ഈ പുസ്തകത്തിന്റെ മുദ്രണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രമീകരിച്ച ബ്രദർ ഐസക്കിനെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**ഫാ. തോമസ് പാലവിള**
ആത്മീയ ഗുരു

www.malankaralibrary.com

# ആശംസ

അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായുടെ ഇരുപത്തിയഞ്ചാം മെത്രാഭിഷേക വാർഷികത്തോടും നാമഹേതുക തിരുനാളിനോടും അനുബന്ധിച്ച് അഭിവന്ദ്യ പിതാവിന് സമർപ്പിക്കുവാനായി കല്ലുമല മാർ ഈവാനിയോസ് മൈനർ സെമിനാരിയിലെ വൈദികവിദ്യാർത്ഥികൾ ചേർന്ന് 'ജാഗ്രത' എന്ന ഒരു ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നു.

അഭിവന്ദ്യ പിതാവ് തന്നെ വിവിധ അവസരങ്ങളിൽ ജാഗ്രതയെക്കുറിച്ച് എഴുതിയ ലേഖനങ്ങളുടെ സമാഹരണമാണ് ഈ ഗ്രന്ഥം. തന്റെ ആടുകളെ ജാഗ്രതയുള്ളവരാക്കുവാനുള്ള ഒരു ഇടയന്റെ പരിശ്രമം.

അഭിവന്ദ്യ പിതാവ് വിവിധ അവസരങ്ങളിലായി എഴുതിയിട്ടുള്ള ലേഖനങ്ങൾ ഒന്നിപ്പിക്കുവാനും, അത് ഗ്രന്ഥ രൂപത്തിൽ തയ്യാറാക്കുവാനും സെമിനാരി വിദ്യാർത്ഥികൾ കാണിച്ച ആർജ്ജവത്വം അവർക്കു പിതാവിനോടുള്ള സ്നേഹാദരവുകളുടെ നിദർശനമാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

**ഫാ. ഇമ്മാനുവേൽ പുന്തലവിള**

www.malankaralibrary.com

1

# ജാഗ്രതയോടെ ഉണർന്നിരിക്കുക



വിഭാഗീയത വർദ്ധിക്കുകയും മതമൗലിക വാദങ്ങളും തീവ്രവാദസംഘടനകളും കൂടുതൽ ശക്തിപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ക്രൈസ്തവർ കുറെക്കൂടി ഉണർന്നു പ്രവർത്തിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്.

വിദ്യാഭ്യാസ മേഖലകളിൽ വാഗ്ദാനങ്ങൾ നിരവധി ഉണ്ടെങ്കിലും പ്രായോഗികമായി അവ നടപ്പിലാക്കാത്ത അവസ്ഥ ഇന്നും നിലനില്ക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഉന്നതമായ ലക്ഷ്യം വികസനവും വിമോചനവുമാണ്. ദൈവം നല്കിയിരിക്കുന്ന കഴിവുകളെ വികസിപ്പിച്ചെടുത്തുകൊണ്ട് കുടുംബത്തിനും സമൂഹത്തിനും കാതലായ സംഭാവന നല്കുവാൻ ഒരു വ്യക്തിയെ പ്രാപ്തമാക്കുന്ന പക്വമായ പ്രക്രിയയാണ് വിദ്യാഭ്യാസം. അങ്ങനെ സംഭാവന ചെയ്യുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും, എപ്പോഴും സമൂഹം നന്ദിയോടെ ഓർമ്മിക്കും.

www.malankaralibrary.com

എന്തുകൊടുക്കാം എന്നു ചിന്തിച്ച് അഭിമാനത്തോടെ പ്രവർത്തിച്ച മേഖലകൾ ഇന്ന് നമുക്ക് എന്ത് കിട്ടും എന്നു ചിന്തിക്കുവാൻ തുടങ്ങിയ നിമിഷം മുതൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എതിർസാക്ഷ്യമായിരിക്കുന്നു. ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളുടെ നാനാവിധ വികസനത്തിന് കാര്യമായ ശ്രദ്ധചെലുത്തുന്നില്ല. ബൗദ്ധികമായി ഉയർന്ന നിലവാരം പുലർത്തുന്നതിലാണ് എല്ലാവരുടെയും ശ്രദ്ധ. ഇന്ന് സ്കൂളുകളിലും കോളേജുകളിലും അസ്വസ്ഥതയും അപകർഷതാ ബോധവുമുള്ള കുട്ടികളുടെ സംഖ്യ വലുതാണ്. അവർക്ക് വീട്ടിലും സ്കൂളിലും കോളേജിലും വേണ്ടത്ര സ്നേഹവും അംഗീകാരവും കിട്ടുന്നില്ല. ഇങ്ങനെയുള്ള കുട്ടികളെ ആകർഷിക്കാൻ മദ്യ-മയക്കുമരുന്നു ലോബികളും, സെക്സ് റാക്കറ്റുകളും കാത്തിരിക്കുകയാണ്. സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എല്ലാ മേഖലകളിലും ബന്ധിതനാവുകയാണ്. അങ്ങനെയുള്ള ബന്ധനങ്ങളിൽ നിന്നു അവരെ മോചിപ്പിക്കുന്നതിന് നമുക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? ദൈവം അവരെ സ്നേഹിക്കുന്നു എന്ന ഒരു അവബോധത്തിലേക്ക് വളർത്തുവാൻ നമുക്ക് സാധിക്കണം. നമ്മുടെ കുട്ടികൾക്ക് കുടുംബം - സ്കൂൾ - കോളേജ് - യുവജന പ്രസ്ഥാനം എന്നിവയിൽനിന്ന് വേണ്ട ദൈവാനുഭവവും ബോധ്യങ്ങളും ലഭിക്കാത്തതു കൊണ്ട് വളരെയേറെ ദോഷങ്ങളുണ്ടാകുന്നുണ്ടെന്ന് നാമറിയണം.

ആധുനിക കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ വായിച്ചും ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും നീതിയോടെ സമൂഹത്തിൽ നാം വർത്തിക്കണം. മതഭീകരത, മൗലികവാദം എന്നിവയെക്കുറിച്ച് പൊതുസമൂഹത്തിനു മുന്നറിയിപ്പു കൊടുക്കാനും മതതീവ്രവാദത്തിനെതിരെ ജാഗ്രത പുലർത്താനും നമുക്ക് കഴിയണം. ഭാരതത്തിന്റെ ഭരണഘടന ഉറപ്പുനൽകുന്ന മതനിരപേക്ഷതയും ജനാധിപത്യവും സംരക്ഷിക്കുവാൻ നല്ല മനസ്സുള്ള എല്ലാവരെയും സഹകരിപ്പിച്ച് സഭ പ്രവർത്തനങ്ങൾ കരുപിടിപ്പിക്കണം. കൂടുതൽ ജാഗ്രതയോടെ ഈ മേഖലയിൽ ക്രൈസ്തവർ സജീവമായി പങ്കെടുക്കണം.

◆◆◆◆◆

www.malankaralibrary.com

2

# സമ്മതിദാനാവകാശം രാഷ്ട്രനിർമ്മിതിക്ക്




അടുത്ത അഞ്ച് വർഷക്കാലം കേരളം ആരുഭരിക്കുമെന്നും, ഈ നാടിന്റെ ജനാധിപത്യ സംവിധാനവും രാഷ്ട്രീയ നയങ്ങളും എങ്ങനെയായിരിക്കുമെന്നും വിധിയെഴുതാൻ കേരളജനതയ്ക്ക് ഒരവസരം കൂടി ലഭിച്ചിരിക്കുകയാണ്. സർക്കാരിന്റെ നയങ്ങളാണ് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളും നാടിന്റെ സാമ്പത്തിക, സാമൂഹിക, സാസ്കാരിക, വ്യാവസായിക, കാർഷിക പുരോഗതിയും നിർണ്ണയിക്കുന്നത് എന്ന കാരണത്താൽ പൗരാവകാശം വിനിയോഗിക്കുന്നതിൽ ഏറെ ജാഗ്രതയും വിവേകവും പുലർത്തേണ്ടതാണ്. സമ്മതിദാനാവകാശം രാഷ്ട്രനിർമ്മിതിക്കുള്ള ജനാധിപത്യ സംവിധാനമാണ്. ഗൗരവമുള്ള കടമയും ഉത്തരവാദിത്വവുമായി ഈ വോട്ടവകാശത്തെ കാണേണ്ടതാണ്.

www.malankaralibrary.com

അധികാരവും ഭരണവും ഉറപ്പിക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വവും സ്ഥാനാർത്ഥികളും അണികളും കഠിനമായ വേനൽചൂടിനെ അവഗണിച്ച് ഈ ദിവസങ്ങളിൽ ശക്തമായ തെരഞ്ഞെടുപ്പ് പ്രചരണത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. കേരളത്തിന്റെ തനതായ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിലെ വികസനവും മുന്നേറ്റവും എപ്രകാരമായിരിക്കണമെന്ന് വ്യക്തമാക്കുന്ന യു.ഡി.എഫിന്റെയും എൽ.ഡി. എഫിന്റെയും എൻ.ഡി.എയുടെയും തെരഞ്ഞെടുപ്പ് പ്രകടനപത്രിക നാം വിലയിരുത്തേണ്ടിയിരിക്കുന്നു. കേരള കത്തോലിക്കാ സഭയുടെ നിലപാടു വ്യക്തമാക്കുന്ന 'ജാഗ്രതയോടും വിവേകത്തോടുംകൂടി സമ്മതിദാനാവകാശം വിനിയോഗിക്കുക' എന്ന കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസ്താവന ഇത്തരുണത്തിൽ വളരെ പ്രസക്തമാണ്.

കേവലം അന്ധമായ രാഷ്ട്രീയ താല്പര്യങ്ങൾക്കുപരി നമ്മുടെ നാടിനെക്കുറിച്ച് ഓരോ പൗരനും ഭാവാത്മകമായ സ്വപ്നങ്ങൾ ഉണ്ടാകേണ്ടതും മുൻ സർക്കാരുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ആത്മാർത്ഥമായ വിലയിരുത്തലുകൾ നടത്തേണ്ടതും ആവശ്യമാണ്. അഴിമതിരഹിതമായ മൂല്യാധിഷ്ഠിത രാഷ്ട്രീയം, ബഹുസ്വരത, സഹിഷ്ണുത, സമഗ്രവികസനം, നിയമവാഴ്ചയോടുള്ള ബഹുമാനം, അക്രമരഹിത സാമൂഹ്യവ്യവസ്ഥിതി, പ്രകൃതിസംരക്ഷണം, കാർഷികപുരോഗതി, വ്യാവസായിക പുരോഗതി എന്നിവയ്ക്ക് നാം ഊന്നൽ നൽകേണ്ടതുണ്ട്. വർഗീയ ധ്രുവീകരണം സൃഷ്ടിച്ച് ജാതിമത വിഭാഗങ്ങളെ ഭിന്നിപ്പിച്ച് അധികാരത്തിലെത്താൻ ശ്രമിക്കുന്നവരെ നാം തിരിച്ചറിയണം. സാക്ഷര കേരളത്തിലെ പ്രബുദ്ധരായ വോട്ടർമാരുടെ വിധിയെഴുത്തിനെ ഇന്ത്യാരാജ്യം മുഴുവൻ ആകാംഷയോടെ ഉറ്റുനോക്കുന്നുണ്ട്. സമ്മതിദാനാവകാശം ഉപയോഗിക്കാൻ പോളിങ് ബൂത്തിലേക്ക് കടന്നുചെല്ലുന്ന വോട്ടർമാരുടെ മനസ്സിൽ മുകളിൽ സൂചിപ്പിച്ച ദർശനങ്ങളും സ്വപ്നങ്ങളും ഉണ്ടായിരിക്കട്ടെ. ഈ ലക്ഷ്യത്തിലേക്ക് നമ്മെ നയിക്കാൻ ഉചിതമായ ജനപ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടുന്നതിനായി ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

◆◆◆◆◆

www.malankaralibrary.com

3

## കാരുണ്യത്തിന്റെയും മാനവികതയുടെയും പാരമ്പര്യം ഊട്ടി ഉറപ്പിക്കണം.



നിരുപാധിക സ്നേഹത്തിനും സൗഹാർദ്ദത്തിനും സഹവർത്തിത്വത്തിനും സമൂഹത്തിൽ സ്ഥാനം നഷ്ടപ്പെടുന്നു എന്ന ആശങ്ക വർത്തമാനകാലത്ത് നമ്മെ അസ്വസ്ഥരാക്കുന്നു. ഭീകരവാദം ലോകമെമ്പാടുമുള്ള മനുഷ്യരുടെ സ്വസ്ഥത കെടുത്തുന്ന പ്രശ്നമായി വളർന്നിരിക്കുകയാണ്. നമ്മുടെ രാജ്യം വർഗീയവാദികളും, അഴിമതിക്കാരും, അധികാരമോഹികളുമായ ഭരണകർത്താക്കളുടെ നിയന്ത്രണത്തിലാവുകയാണ്. വർഗ്ഗീയതയെ എതിർക്കുന്നുവെന്നു പറയുന്നുണ്ടെങ്കിലും വർഗീയതയെ വളർത്തുന്ന നിലപാടുകളാണ്

www.malankaralibrary.com

രാഷ്ട്രീയപാർട്ടികൾ പലപ്പോഴും സ്വീകരിക്കുന്നത്. രാജ്യത്തെ ജനങ്ങളിൽ അനൈക്യവും വിഭാഗീയ ചിന്തയും ശക്തി പ്രാപിക്കുകയും ചെയ്യുന്നു. മനുഷ്യത്വത്തിന് നിരക്കാത്തതും അപമാനകരവുമായ സംഭവങ്ങൾ കൂടിവരുന്നു.

കേരളത്തിൽ നിന്നും, ഇന്ത്യയിൽ നിന്നും ഐ.എസ്. പോലുള്ള ഭീകരസംഘടനകളിലേക്ക് അംഗങ്ങളെ റിക്രൂട്ട് ചെയ്യുന്നു എന്നത് ഇന്ന് അംഗീകരിക്കേണ്ട ഒരു യാഥാർത്ഥ്യമായിരിക്കുന്നു. വർഗീയതയുടെയും ഭീകരതയുടെയും താവളങ്ങളിലേക്ക് നമ്മുടെ കുട്ടികൾ എത്തിച്ചേരുന്നില്ല എന്നു ഉറപ്പുവരുത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറയുമ്പോൾ കേരളത്തിൽ പോലും ഈ സംഘടനകളുടെ സ്വാധീനമുണ്ട് എന്നാണ് നാം മനസ്സിലാക്കേണ്ടത്. മതപരിവർത്തനം ചെയ്യപ്പെട്ട് ഐ.എസിൽ ചേർന്നുവെന്ന് ആരോപിക്കപ്പെട്ടിരിക്കുന്ന കാണാതായ കുട്ടികളുടെ മാതാപിതാക്കന്മാരുടെ വേദന നിസ്സാരമായി കാണാൻ സാധിക്കുകയില്ല. നമ്മുടെ കുട്ടികളെ സംരക്ഷിക്കുവാനും, വിശ്വാസജീവിതത്തിൽ കൂടുതൽ ആഴപ്പെടുത്തുവാനും, അവർ സുരക്ഷിതരാണെന്നു ഉറപ്പുവരുത്താനുള്ള കർമ്മപരിപാടികൾ മാതാപിതാക്കളുടെ സഹകരണത്തോടെ ഇടവകതലത്തിലും, രൂപതാതലത്തിലും ശക്തിപ്പെടുത്തുവാൻ നാം വളരെ ജാഗ്രതയോടെ പ്രവർത്തിക്കണം.

കാലങ്ങളായി നാം സംരക്ഷിച്ചുവരുന്ന സ്നേഹ സാഹോദര്യ സൗഹാർദ്ദ അന്തരീക്ഷം വീണ്ടെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സമൂഹത്തിൽ പരസ്പര ഐക്യവും സൗഹാർദ്ദവും നിലനിർത്തുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും പരസ്പര ശത്രുത വളർത്തുന്നതും തെറ്റിദ്ധാരണ ഉളവാക്കുന്നതുമായ പ്രസ്ഥാനങ്ങളെയും സംരംഭങ്ങളെയും തിരിച്ചറിയുകയും ജാഗ്രതയോടെ അവയെ തിരസ്കരിക്കുകയും വേണം. സമൂഹത്തിന്റെ പൊതുനന്മയും നാട്ടിൽ സൗഹാർദ്ദവും സമാധാനവും നിലനിർത്താൻ ലക്ഷ്യമാക്കിയുള്ള കൂട്ടായ്മകൾ വളർത്താനും ഇങ്ങനെയുള്ള പ്രവർത്തനങ്ങളെ പ്രചോദിപ്പിക്കുവാനും നമുക്കു കഴിയണം.

വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തിലാണ് രാഷ്ട്രങ്ങൾ നിലനിൽക്കുന്നത്. ബഹുസ്വരതയും മതനിരപേക്ഷതയും അപകടത്തിലാക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകാൻ പാടില്ല. ജനാധിപ

www.malankaralibrary.com

ത്യവും മതേതരത്വവും സംരക്ഷിക്കപ്പെടണം. ജനങ്ങളെ മതത്തിന്റെയും ജാതിയുടെടെയും പേരിൽ വേർതിരിച്ചു കാണുവാനും അവരിൽ ഭിന്നത വളർത്തുവാനുള്ള സംഘടിതമായ ശ്രമങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ കാരുണ്യത്തിന്റെയും മാനവികതയുടെയും പാരമ്പര്യം ഊട്ടി ഉറപ്പിക്കണം.

◆◆◆◆◆

www.malankaralibrary.com

4

# കാരുണ്യം അവസാനിക്കുന്നില്ല



നവംബർ 20-ാം തീയതി കത്തോലിക്കാസഭയിൽ കാരുണ്യവർഷത്തിന്റ സമാപനം കുറിക്കുകയാണ്. ഓരോ വർഷവും ഓരോ പ്രത്യേക നിയോഗങ്ങൾക്കായി മാറ്റിവയ്ക്കുന്നത് സഭയിലെ സാധാരണ രീതിയാണ്. സമാപനത്തോടടുക്കുമ്പോൾ ഈ ആചരണം കൊണ്ട് എന്തു നേടി എന്ന് എല്ലാവരും ചോദിക്കാറുണ്ട്. അത് ശരിയാണ്, വിലയിരുത്തലുകൾ എല്ലാ കാര്യങ്ങളിലും അനിവാര്യമാണ്. എങ്കിലും ഈ ആചരണങ്ങളെല്ലാം ഓരോ പ്രത്യേക ശുശ്രൂഷാമേഖലകളിലേയ്ക്കുള്ള ഒരു ആഹ്വാനവും ഓർമ്മപ്പെടുത്തലും കളമൊരുക്കലുമല്ലേ? കാരുണ്യവർഷം സഭയെയും വിശ്വാ

www.malankaralibrary.com

സികളെയും കരുണയുടെ മുഖങ്ങളായി മാറാൻ നിലമുഴുതു ഒരുക്കുകയായിരുന്നില്ലേ?

സഭയിലാകമാനം ഈയൊരു വർഷം നടന്ന ബോധവൽക്കരണ പരിപാടികളും, എണ്ണമറ്റ കാരുണ്യപ്രവൃത്തികളും, തുടക്കമിട്ട അനേകം പദ്ധതികളും, മേൽസൂചിപ്പിച്ചതിനുദാഹരണമാണല്ലേ? കാരുണ്യത്തിന്റെ അമ്മയായ വിശുദ്ധ മദർതെരേസയും, കാരുണ്യത്തിന്റെ പ്രവാചകനായി ജീവിക്കുന്ന ബഹു. ജോർജ്ജ് കുറ്റിക്കലച്ചനും വിമർശനവിധേയരാകുന്നതും, കരുണയുടെ പ്രവൃത്തിയുടെ പേരിൽ സ്ഥാപനങ്ങളും, പ്രസ്ഥാനങ്ങളും തെറ്റിദ്ധരിക്കപ്പെടുന്നതും വൈദീകരും സന്യസ്തരും ഉൾപ്പെടെയുള്ളവർപോലും നിയമനടപടികൾ നേരിടേണ്ടിവരുന്നതും കരുണയുടെ ഫലങ്ങൾ കണ്ടുതുടങ്ങുന്നതിന്റെ പ്രത്യാഘാതങ്ങളല്ലേ? മനുഷ്യർ കുരുതിചെയ്യപ്പെടുന്ന ചരിത്രമാവർത്തിക്കുന്ന കണ്ണൂരിലെ കൊല്ലപ്പെട്ട വ്യക്തികളുടെ ഭവനങ്ങൾ നമ്മുടെ പിതാക്കന്മാർ സന്ദർശിച്ചതും കാരുണ്യവർഷ സമാപനം ഒരു അവസാനിപ്പിക്കലല്ല, പ്രത്യുത പുതിയ തുടക്കമാണെന്ന് നമ്മെ അറിയിക്കുന്നു.

ഫ്രാൻസിസ് പാപ്പായുടെ കാരുണ്യവർഷപ്രഖ്യാപനം കരുണയുടെ ഒരു പശ്ചാത്തലമൊരുക്കി കഴിഞ്ഞു. നിലമുഴുത് പാകമായി. വിതയ്ക്കപ്പെട്ട വിത്തുകളിൽ നിന്നും മുളപൊട്ടി വളർന്നു കഴിഞ്ഞു. അത് വാടാതെ വെള്ളമൊഴിച്ച് വളമേകി അതിനെ വളർത്താം. ഇനിയുള്ള നാളുകൾ വിളവെടുപ്പിന്റെ കാലമായിരിക്കട്ടെ. കാരുണ്യ പ്രവൃത്തികൾ ഉണർവോടെ, ജാഗ്രതയോടെ തുടരാം.

◆◆◆◆◆

www.malankaralibrary.com

5

# നവസ്നേഹവൽക്കരണത്തിന്റെ മുമ്പേ പറക്കുന്ന പക്ഷികൾ



കേരളത്തിന് അറുപതുവയസ്സും കേരളസഭയുടെ പൊതുവായ സത്യസ്നേഹ ശുശ്രൂഷയുടെ പ്രതീകമായ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന് അൻപതാണ്ടും തികയുന്ന നാളുകളിൽ നാം ജീവിക്കുന്ന സമൂഹത്തിൽ ഇപ്പോൾ നിലനിൽക്കുന്ന അതിസങ്കീർണ്ണമായ പ്രതിസന്ധികളെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അഭിമുഖീകരിക്കുവാൻ നമുക്ക് കഴിയേണ്ടതുണ്ട്. മാനുഷികബലഹീനതകളെ പെരുപ്പിച്ചു

www.malankaralibrary.com

കാണിക്കുകയും സാമൂഹിക നന്മകളെ നിസ്സാരവത്ക്കരിക്കുകയും ചെയ്യുന്ന കമ്പോളവത്കൃത മാധ്യമസംസ്കാരം തീർച്ചയായും നമ്മെ വലയം ചെയ്യുന്നുണ്ട്. ഞെരുക്കപ്പെടുന്ന സഭ ചരിത്രത്താളുകളിൽ ഒരിക്കലും ഭയപ്പെട്ടതായി നമുക്ക് വായിക്കാനാവില്ല. 'എന്റെ' എന്ന പദത്തിന്റെ സ്വാർത്ഥതാവലയത്തിൽ നിന്ന് 'നമ്മുടെ' എന്ന വിശാലാർത്ഥത്തിലേയ്ക്ക് മനുഷ്യരെ മാടി വിളിക്കുന്ന നവസ്നേഹവത്ക്കരണത്തിന്റെ മുമ്പേ പറക്കുന്ന പക്ഷികളാണ് ഓരോ ക്രൈസ്തവനും. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ചിറകുകൾ വീശിയുള്ള ദൈവസന്നിധിയിലേയ്ക്കുള്ള ഉയർന്നുപറക്കലാണ് ഓരോ മനുഷ്യജീവിതവും.

സ്ത്രീസുരക്ഷയും മതസൗഹാർദ്ദവുമെല്ലാം ഇന്ന് പൊതുവേദികളിൽ നാം ഏറെ ശ്രവിക്കുന്ന പദങ്ങളാണെങ്കിലും ആ പദങ്ങളുടെ ചുറ്റുവട്ടങ്ങളിൽ നിന്ന് ഏറെ അകന്നുപോകുന്ന മനുഷ്യരുടെ സംഘടിതമായ ആക്രമണങ്ങൾ സമാധാനപ്രേമികളായ മനുഷ്യരെ ഏറെ ഉലയ്ക്കുന്നുണ്ട്. സത്യത്തിന്റെ ആയുധങ്ങളും നന്മയുടെ പാദരക്ഷകളും ധരിച്ച് ചുറ്റുമുള്ളവരിലേക്ക് സേവനത്തിന്റെയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സന്ദേശമെത്തിക്കാൻ നമുക്ക് കടമയുണ്ട്.

കേരളത്തിന്റെ വരുംനാളുകളിലേയ്ക്ക്, കേരള സഭയുടെ കൂടിവരവുകളിലൂടെ ചൊരിയപ്പെടുന്ന സാമൂഹികനന്മകൾക്ക് ഏറെ പ്രസക്തിയും പ്രാധാന്യവും കൈവരുന്ന നാളുകളാണിത്. കൂട്ടായ്മയുടെ പരിപോഷണത്തിനും സംസ്കാരങ്ങളുടെ സമന്വയത്തിനും പി.ഒ.സി.യുടെയും ഐക്യജാഗ്രതാകമ്മീഷന്റെയും മറ്റും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപകരട്ടെ! നവകേരളത്തിന്റെ സ്വപ്നങ്ങൾക്ക് മാനവീയതയുടെ നിറങ്ങളും ചാരുതയും ചമയങ്ങളും നൽകാൻ ഓരോ ക്രിസ്തീയവിശ്വാസിക്കുമുള്ള പ്രതിബദ്ധത നമുക്ക് ആവർത്തിച്ചുറപ്പിക്കാം.

നോമ്പുകാലത്തിന്റെ പുണ്യം മനസ്സിൽ ശേഖരിക്കാൻ ആ ത്യാഗത്തിന്റെ സദ്ഫലങ്ങൾ മറ്റുള്ളവർക്ക് ഉദാരമായി നൽകാൻ നമുക്ക് കഴിയട്ടെ എന്ന് പ്രാർത്ഥനാപൂർവം ആശംസിക്കുന്നു.

◆◆◆◆◆

www.malankaralibrary.com

6

## മാധ്യമങ്ങൾസമൂഹത്തിന്റെ നന്മ ലക്ഷ്യം വയ്ക്കണം



ആദ്യകാലങ്ങളിൽ ദൈവം നേരിട്ടും പൂർവ പിതാക്കന്മാരിലൂടെയും സംസാരിച്ചു. പിന്നീട് പ്രവാചകരിലൂടെയും അതിനു ശേഷം യേശുവിലൂടെയും സംസാരിച്ചു. ഇന്ന് യേശുവിന്റെ പിൻതുടർച്ചയായി സഭ ഈ ദൗത്യം തുടരുന്നു. യേശുവിലൂടെ വെളിവാക്കപ്പെട്ട രക്ഷ ലോകത്തിൽ പകർന്നു നല്കാൻ സഭ നിയോഗിക്കപ്പെട്ടിരിക്കുന്നു. സഭയുടെ പ്രവർത്തനത്തെ വിശ്വാസത്തിന്റെയും, ധാർമ്മികതയുടെയും വെളിച്ചത്തിൽ നാം മനസ്സിലാക്കുന്നു.

www.malankaralibrary.com

മാധ്യമങ്ങളെ സഭ സന്തോഷത്തോടെ സ്വീകരിക്കുന്നു. മാധ്യമങ്ങളിലൂടെ മനുഷ്യവർഗ്ഗത്തിന് ദൈവസാന്നിധ്യം അനുഭവവേദ്യമാക്കാനും, സുവിശേഷം പങ്കുവയ്ക്കാനും സഭ ആഗ്രഹിക്കുന്നു. ആശയവിനിമയത്തിനും ആസ്വാദനത്തിനും അറിവ് നേടാനും മാധ്യമങ്ങൾ ഏറെ നല്ലതും ആവശ്യമാണെങ്കിലും അവ ദുരുപയോഗം ചെയ്യുന്ന സാഹചര്യം കൂടിവരുന്നു. അനീതി, സ്വാർത്ഥത എന്നിവ മാധ്യമങ്ങളിലൂടെ അരങ്ങേറുമ്പോൾ തെറ്റും ശരിയും ബോധ്യപ്പെടുത്താൻ നമുക്ക് കടമയുണ്ട്. സമൂഹത്തിന്റെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാമൂഹിക മാധ്യമങ്ങൾക്ക് കഴിയണം.

ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമായ തിരുവത്താഴത്തിന്റെ പ്രതീകത്തെ വികലമായി അവതരിപ്പിച്ച സംസ്കാരത്തോട് നാം യോജിക്കുന്നില്ല. അതിനെതിരേ നാം പ്രതികരിക്കുകയുണ്ടായി. അതുപോലെ ഈയിടെയുണ്ടായ ചില പ്രശ്നങ്ങൾ അമിത പ്രാധാന്യം നല്കി ചില മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെട്ടു. സഭയെ ആക്ഷേപിക്കാനും അവഹേളിക്കാനും മന:പൂർവം സംഭവത്തെ പെരുപ്പിച്ചു കാണിക്കുന്ന പ്രവണത ചിലരിൽ നിന്ന് കൂടുതലായുണ്ടായി. മനുഷ്യകുലത്തിന്റെ നന്മയെ പരിപോഷിപ്പിക്കാത്ത എന്തും മനുഷ്യകുലത്തെ നശിപ്പിക്കും എന്നറിഞ്ഞ് നാം അത്തരം സാഹചര്യങ്ങളോട് പ്രത്യുത്തരിക്കണം. സ്രഷ്ടാവിന്റെ പദ്ധതിക്ക് വിരുദ്ധമായി മാധ്യമങ്ങളെ ഉപയോഗിക്കുന്നതിനെ നിയന്ത്രിക്കാൻ ഭരണാധിപന്മാർക്ക് കടമയുണ്ട്. അതുപോലെ തന്നെ മാധ്യമങ്ങൾ അവതരിപ്പിക്കുന്ന വിഷയങ്ങൾ വിലയിരുത്താൻ വിശ്വാസികൾക്കും കടമയുണ്ട്. വാർത്തകൾ വസ്തുനിഷ്ഠമാണോ നീതിയുക്തമാണോ എന്ന് പരിശോധിക്കണം. വാർത്തകൾ ശേഖരിക്കുന്നവരും അവയുടെ കർത്തവ്യം നീതിപൂർവമായും ധാർമികതയോടും ചെയ്യേണ്ടതാണ്. അറിയാനുള്ള അവകാശം നീതിബോധത്തോടെയും ധാർമ്മികബോധത്തോടെയും വിനിയോഗിക്കണം. ആത്മനാശത്തിനിടയുള്ളതെല്ലാം നാം വർജിക്കാൻ തയ്യാറാകണം.

ക്രൈസ്തവ മാസികകളും നവ മാധ്യമങ്ങളും ഉപയോഗപ്പെടുത്തി നമ്മുടെ ആശയങ്ങൾ കൂടുതൽ പ്രചരിപ്പിക്കണം. അടുത്ത കാലത്ത് നടന്ന ഒരു സംഭവത്തെ ക്രിസ്തീയസഭയെ അവഹേളിക്കാനുള്ള ആയുധമായി ഒരു മാധ്യമം ഉപയോഗിച്ചപ്പോൾ എതിർപ്പു

www.malankaralibrary.com

പ്രകടിപ്പിച്ച ഒരു കത്തോലിക്കാ വിശ്വാസിയായ മാധ്യമപ്രവർത്തകയെ ജോലിയിൽനിന്നും പിരിച്ചുവിടുമെന്നുവരെ ഭീഷണിയുണ്ടായിട്ടും അവൾ വിശ്വാസം ഉയർത്തിപ്പിടിച്ച് അതിനെ പ്രതിരോധിച്ചു. നമ്മുടെ വിശ്വാസത്തെ സംരക്ഷിക്കുവാനും വളർത്തുവാനും പ്രഘോഷിക്കുവാനും, വിശ്വാസത്തിന് എതിരായ നീക്കങ്ങളെ സമൂഹത്തിലും, മാധ്യമലോകത്തും ചെറുക്കുവാനും ഓരോ ക്രിസ്ത്യാനിക്കും കടമയും ഉത്തരവാദിത്വവുമുണ്ട്. രൂപതകളുടെ ജാഗ്രതാസമിതികൾ ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കണം.

◆◆◆◆◆

www.malankaralibrary.com

7

## സാക്ഷ്യവും ജാഗ്രതയും ഇന്നിന്റെ ആവശ്യം



സാക്ഷ്യവും ജാഗ്രതയും ആണല്ലോ കെസിബിസി ഈ വർഷം ഊന്നൽ നല്കേണ്ട വിഷയമായി തിരഞ്ഞെടുത്തിരിക്കുന്നത്. നമ്മുടെ ചുറ്റും സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ഈ വിഷയം എത്രമാത്രം കാലികപ്രാധാന്യമുള്ളതാണെന്ന് വ്യക്തമാക്കുന്നു. സഭാനേതൃത്വവും വിശ്വാസീസമൂഹമൊന്നാകെയും ആനുകാലിക വിഷയങ്ങളിൽ എപ്പോഴും ജാഗരൂഗരായിരിക്കുകയും വ്യക്തിപര മായി ഓരോരുത്തരും നന്മയുടെ സാക്ഷികളായിത്തീരുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

www.malankaralibrary.com

കേരള സമൂഹത്തെ മദ്യത്തിൽ മുക്കുന്ന നയവുമായി സാധാരണ ജനങ്ങൾക്കെതിരേ പടവാളെടുത്തു നില്ക്കുകയാണ് കേരള സർക്കാർ. അതിനെതിരേയുള്ള പോരാട്ടം കെസിബിസി ആരംഭിച്ചുകഴിഞ്ഞു. ചെറുത്തുനിൽപ്പ് ആശയ പ്രചരണത്തിലൂടെയും പ്രക്ഷോഭത്തിലൂടെയും ബോധവത്കരണത്തിലൂടെയും സമയബന്ധിതമായി നടക്കേണ്ടതാണ്. സാധാരണക്കാരായ വ്യകതികളെയും കുടുംബങ്ങളെയും ബാധിക്കുന്നതും ഗൗരവമേറിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമായ ഈ നയത്തിനെതിരേ മാതൃകാപരമായും വിവേകത്തോടെയും നമുക്ക് പ്രതികരിക്കാനാകട്ടെ. ഇതര സന്നദ്ധസംഘടനകളുമായി സഹകരിച്ച് സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലും പ്രതിഷേധപരിപാടികൾ നടത്താൻ നമുക്ക് മുൻകൈയെടുക്കാം.

ബീഫ് വിവാദം അഥവാ മാംസവില്പനയ്ക്കായി മൃഗങ്ങളെ കച്ചവടം നടത്തുന്നതിനെച്ചൊല്ലിയുള്ള വിവാദം ഭാരതമെങ്ങും കത്തിപ്പടർന്നുകൊണ്ടിരിക്കുകയാണ്. ജനങ്ങൾ എന്തുകഴിക്കണം, എന്തുകഴിക്കാതിരിക്കണം തുടങ്ങിയ കാര്യങ്ങൾ ഭരണാധികാരികൾ തീരുമാനിക്കുന്ന നിർഭാഗ്യകരമായ അവസ്ഥയിലാണ് ഇന്ത്യയിലെ ജനങ്ങൾ. വിവിധ മതസമുദായങ്ങളുടെ വ്യത്യസ്തമായ ആചാരങ്ങൾക്കും പ്രാദേശിക സംസ്കാരങ്ങൾക്കും വൈവിധ്യമാർന്ന അനുഷ്ഠാനങ്ങൾക്കും വൈകാരികതയ്ക്കും കൂച്ചുവിലങ്ങിടുന്ന സൂചനകൾ കണ്ടുവരുന്നു. ബീഫ്‌വിഷയത്തിൽ കോടതികളും രാഷ്ട്രീയപ്പാർട്ടികളും പരസ്പര വിരുദ്ധമായ നിലപാടുകൾ സ്വീകരിക്കുന്നതായും കാണുന്നു. ഇവിടെ ജനങ്ങൾ ജാഗരൂഗരാകട്ടെ. തക്കസമയത്ത് ജാഗ്രതയോടെ പ്രതികരിക്കാൻ രാജ്യത്തിന്റെ അഖണ്ഡതയും ക്ഷേമവും സ്വപ്നം കാണുന്ന ഓരോ പൗരനും സാധിക്കട്ടെ.

ഈ ചുരുങ്ങിയ കാലയളവിൽ ഏറ്റവും അധികം പീഡനത്തിനും ഭീകരാക്രമണത്തിനും വിധേയരാകുന്നത് ക്രിസ്തീയ സമൂഹമാണ്. പശ്ചിമേഷ്യയിൽ കുറെ വർഷങ്ങളായി ഇത് സാധാരണ സംഭവമാണ്. ഈജിപ്തിലും ഫിലിപ്പൈൻസിലും ഇംഗ്ലണ്ടിലും ഈ ദിവസങ്ങളിൽ നടന്ന ആക്രമണങ്ങൾ ഏറെ വേദനാജനകമാ

www.malankaralibrary.com

ണ്. സാക്ഷ്യവും ജാഗ്രതയും ഇന്ന് ഏറെ ആവശ്യമായിരിക്കുന്നു എന്നതാണ് ഇവയെല്ലാം നമ്മെ ഓർമ്മപ്പെടുത്തുന്നത്. ഉണർന്നിരുന്നു പ്രാർത്ഥിക്കാനും, ആക്രമണത്തെ അതിജീവിക്കാൻതക്ക സാക്ഷ്യത്തിലേക്കും വിവേകത്തിലേക്കും വളരാനും നമുക്ക് സാധിക്കട്ടെ.

കപ്പൽക്കൊലയുടെ ചരിത്രം വീണ്ടും ആവർത്തിച്ചിരിക്കുന്നു. അനാസ്ഥയുടെയും ജാഗ്രതയില്ലായ്മയുടെയും ബാക്കിപത്രമായി നിരപരാധികളായ മൂന്ന് ജീവനുകൾകൂടി നഷ്ടപ്പെട്ടിരിക്കുന്നതിന്റെ ഞെട്ടലിലാണ് നാം. പാഠപുസ്തകത്തിൽ യേശുക്രിസ്തുവിനെ ദുർദേവതയായി ചിത്രീകരിച്ച് പ്രസിദ്ധീകരണം നടത്തിയത് ഭരണാധികാരികളുടെ നിരുത്തരവാദിത്തത്തിന്റെയും ജാഗ്രതയില്ലായ്മയുടെയും മറ്റൊരു ഉദാഹരണമാണ്.

പുതുവൈപ്പിൽ ഇന്ത്യൻ ഓയിൽ കോർപറേഷന്റെ(ഐഒസി) ടെർമിലിനെതിരേ നടത്തിവരുന്ന സമരത്തെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിച്ച നടപടി സർക്കാരിനു ഭൂഷണമല്ല. ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ തയ്യാറാകാതെ ജനകീയസമരങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുന്നത് ജനാധിപത്യരീതിയല്ല, വേദനിക്കുന്ന ജനങ്ങളോടുള്ള വെല്ലുവിളിയാണ്. അധികാരികൾക്ക് ജാഗ്രതയില്ലാതെ വരുമ്പോൾ ജനങ്ങൾ എത്രമാത്രം ജാഗ്രതയുള്ളവരും പരോന്മുഖരും ആയിരിക്കണം എന്ന് ഈ സംഭവങ്ങൾ നമ്മെ ഓർമപ്പെടുത്തുന്നു. നമുക്ക് ഒരേ സമയം നന്മയുടെ സാക്ഷികളും ജാഗ്രതയുള്ളവരുമാകാൻ സാധിക്കട്ടെ.

◆◆◆◆◆

www.malankaralibrary.com

8

## ആതുരശുശ്രൂഷ: സഭയുടെ മിഷണറി പ്രവർത്തനത്തിന്റെ ഉത്തമ മാതൃകയായി എന്നും നിലകൊള്ളണം



ആതുരശുശ്രൂഷ കത്തോലിക്കാസഭയുടെ മിഷണറി പ്രവർത്തനത്തിന്റെ ഒരു പ്രധാനപ്പെട്ട മേഖലയാണ്. ഇക്കാലമത്രയും ആരോഗ്യരംഗത്ത് മികച്ച സേവനം കാഴ്ചവയ്ക്കാൻ സഭയ്ക്ക് സാധിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും നല്ല ചികിത്സ നല്കാൻ സഭാസ്ഥാപനങ്ങൾ ശ്രമിച്ചിട്ടുള്ളതിന്റെ ആദരവും അംഗീകാരവും സഭയ്ക്ക് സമൂഹത്തിൽ നിന്നും നേടിയെടുക്കാൻ കഴിഞ്ഞിട്ടുമുണ്ട്. സംവിധാനങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും കാര്യത്തിൽ നമ്മുടെ ആശുപത്രികൾ മറ്റേതു മതസമുദായങ്ങളും വ്യക്തികളും സംഘടനകളും നടത്തുന്നവയെ കിടപിടിക്കുന്നതും ഏറെ മുൻപന്തിയിലുമാണെന്നത് ഏവർക്കും അറിവുള്ള കാര്യമാണ്.

www.malankaralibrary.com

മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് സാഹചര്യങ്ങൾ ഏറെ മാറി യിട്ടുണ്ട്. ആരോഗ്യ ശുശ്രൂഷമേഖലയിൽ ഇന്ന് കടുത്ത മത്സരം നിലനില്ക്കുന്നു. സാങ്കേതികവിദ്യകളുടെ മികവും ആധുനിക ഉപ കരണങ്ങളുടെ അധികമായ ഉപയോഗവും ആരോഗ്യരംഗത്തെ പ്രവർ ത്തനങ്ങളെ ഏറെ സാമ്പത്തിക ബാധ്യതയുള്ളതാക്കിത്തീർക്കുന്നു. വിദഗ്ധരുടെ സേവനം ലഭിക്കുന്നതിനുള്ള ചെലവുകളും ഫീസു കളും ക്രമാതീതമായിരിക്കുന്നു. ആദ്യകാലങ്ങളിൽ നാം നല്കിയി രുന്ന സൗജന്യ ചികിത്സയും ചികിത്സാ ചെലവിലുള്ള ഇളവുകളും ഒഴിവാക്കാൻ നാം ഇന്ന് നിർബന്ധിതരായിരിക്കുന്നു. മാത്രമല്ല, ഏറ്റവും കുറഞ്ഞ ചെലവിൽ ചികിത്സ എന്ന ഊന്നലിൽ നിന്നും ഏറ്റവും മെച്ചപ്പെട്ടതും ഏറ്റവും ഫലപ്രദവുമായ ചികിത്സ സ്വീകരിക്കുക, അത് ലഭ്യമാക്കുക എന്ന കാഴ്ചപ്പാട് സ്വീകരിക്കാൻ നാം നിർബന്ധി തരായിരിക്കുന്നു.

ആശുപത്രി ജീവനക്കാരുടെ ശമ്പളവർധനവിനുള്ള ആവശ്യത്തെ സഭ അനുഭാവപൂർവമാണ് കാണുന്നത്. ജീവിത നിലവാരത്തിന്റെ ഉയർച്ചയും നാണ്യപ്പെരുപ്പവും വിലസൂചികയുടെ വർധനവുമനു സരിച്ച് ജീവനക്കാരുടെ ശമ്പളം വർധിപ്പിക്കേണ്ടത് ന്യായമായ ആവ ശ്യമാണ്. ജീവനക്കാർക്ക് മെച്ചപ്പെട്ട ശമ്പളം നല്കാൻ സഭാധികാ രികൾ പ്രതിജ്ഞാബദ്ധരാണ്. ആയതിനാൽ കാലാകാലങ്ങളിൽ ശമ്പളത്തിൽ ന്യായമായ വർധന നല്കുന്നതിൽ ശ്രദ്ധിക്കാറുണ്ട്. മാത്രമല്ല, കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മിനിമം ശമ്പളം നല്കേണ്ടതു നിയമപരവും ധാർമികവുമായ ഉത്തരവാദി ത്വമാണ്. കത്തോലിക്കാസഭയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്ന ആതുരശുശ്രൂഷാകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപ നങ്ങളുടെയും നിയമാനുസൃതവും മാതൃകാപരവുമായ നടത്തിപ്പും എല്ലാ ജീവനക്കാർക്കും ന്യായമായ വേതനവും മറ്റാനുകൂല്യങ്ങളും നല്കുന്നുവെന്നും ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണം. ആരോഗ്യശു ശ്രൂഷാമേഖലയിൽ കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങൾ പൊതു സമൂഹത്തിന്റെ മുമ്പിൽ എന്നും മാതൃകയായി നിലകൊള്ളണം. അതിന് ഈ മേഖലയിൽ ഇന്ന് അതീവജാഗ്രതയോടുകൂടിയ പുനർ വിചിന്തനങ്ങൾ അനിവാര്യമാണ്.

www.malankaralibrary.com

വേതന പരിഷ്കരണത്തിന്റെ പശ്ചാത്തലത്തിൽ ചെറുകിട ആശുപത്രികൾ, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലുള്ള ചെറിയ ആശുപത്രികൾ, നഴ്സിങ്ങ് ഹോമുകൾ എന്നിവ അനുഭവിക്കുന്ന പ്രായോഗിക വിഷമതകൾ ഗൗരവപൂർവം പരിഗണിച്ച് അവയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. ഇവയുടെ നിലനിൽപ്പ് പ്രതിസന്ധിയിലാകാതിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട സ്ഥാപനങ്ങളുടെ തകർച്ച കേരളത്തിന്റെ പൊതുജന ആരോഗ്യരംഗത്ത് വൻ പ്രതിസന്ധി സൃഷ്ടിക്കും. സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത ചികിത്സാചെലവിലേക്ക് കേരളത്തെ തള്ളിവിടാതിരിക്കാൻ സർക്കാർ മുൻകരുതൽ സ്വീകരിക്കണം.

◆◆◆◆◆

www.malankaralibrary.com

9

# സഭയുടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാം




മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു വലിയ സാമൂഹിക തിന്മയായി ജീവിതത്തിന്റെ എല്ലാ തലങ്ങളെയും കീഴടക്കുമ്പോൾ നിസ്സംഗതയോടെ നോക്കി നില്ക്കാൻ സഭയ്ക്കും സമൂഹത്തിനും കഴിയില്ല. മനുഷ്യനന്മ ലക്ഷ്യം വെച്ചുകൊണ്ടുള്ള ക്രിയാത്മക ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കണം. സർക്കാരിന്റെ മദ്യത്തിന് അനുകൂലമായ നിലപാടിനെതിരെ ശക്തമായ ജനകീയ പ്രതിഷേധമുയരണം. കേരള സമൂഹത്തിൽ വളർന്നുവരുന്ന മദ്യ അരാജകത്വത്തിനെതിരെ സാമൂഹ്യബോധമുള്ള മാധ്യമപ്രവർത്തകരും, സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയനേതാക്കളും, മനുഷ്യാവകാശസംഘടനകളും വേണ്ട രീതിയിൽ എന്തുകൊണ്ട് ഇടപെടുന്നില്ലെന്ന ചോദ്യം ശക്തമാണ്. ഈ വിഷയത്തിൽ ഒരു തരം നിസ്സംഗത പകർച്ചവ്യാധി പോലെ പടരുകയാണ്.

www.malankaralibrary.com

ഘട്ടംഘട്ടമായി മദ്യവിപത്തിൽ നിന്നും കേരളത്തെ മോചിപ്പിക്കുമെന്നു പറഞ്ഞ് അധികാരത്തിലെത്തിയ സർക്കാർ കൂടുതൽ മദ്യശാലകൾ തുറക്കാൻ വഴിയൊരുക്കുന്ന നയങ്ങളും നിയമങ്ങളും രൂപീകരിക്കുന്നത് കടുത്ത ജനവഞ്ചനയാണ്. മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുമെന്നും ബോധവത്ക്കരണം ശക്തമാക്കുമെന്നും പ്രഖ്യാപിച്ചിട്ടുള്ള സർക്കാർ, മദ്യത്തിന്റെ ലഭ്യത വലിയ തോതിൽ വർദ്ധിപ്പിക്കുന്നതിനിടയാകുന്ന നിലപാടുകൾ സ്വീകരിക്കുന്നത് ജനവിരുദ്ധമാണ്. ഭരണഘടനയെ സാക്ഷി നിർത്തി ജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുമെന്നു പ്രതിജ്ഞ ചൊല്ലി അധികാരമേറ്റ സർക്കാർ ജനങ്ങളുടെ ആരോഗ്യത്തിന് (ശാരീരികവും, മാനസികവും, സാമ്പത്തികവും, സാമൂഹികവും) ഹാനികരമായ മദ്യത്തിന്റെ ഉത്പ്പാദനവും ലഭ്യതയും കൂടുന്ന നിലപാടുകൾ സ്വീകരിക്കുന്നത് ഭരണഘടനാവിരുദ്ധമാണ്. സമൂഹത്തിന്റെ നന്മയെക്കരുതിയുള്ള സുപ്രീംകോടതിയുടെ ഉത്തരവുകൾ അട്ടിമറിക്കുന്നതും, തദ്ദേശ സ്ഥാപനങ്ങളുടെ അധികാരം ഇല്ലാതാക്കുന്നതും ജനാധിപത്യ സർക്കാരിനു ഭൂഷണമല്ല. സർക്കാരിന്റെ ഈ നിലപാട് ജനാധിപത്യമൂല്യങ്ങളോടുള്ള വെല്ലുവിളിയാണ്.

സമൂഹം മദ്യവിപത്തിൽ നിന്ന് അകന്നു നില്ക്കണമെന്ന് സർക്കാരിന് ആത്മാർത്ഥമായി ആഗ്രഹമുണ്ടെങ്കിൽ കൂടുതൽ മദ്യശാലകൾ തുറക്കാൻ സഹായകമാകുന്ന തീരുമാനങ്ങളിൽ നിന്നും പിന്മാറണം. മദ്യ ഉപയോഗം വർദ്ധിപ്പിക്കാൻ സഹായകമാകുന്ന സർക്കാർ നിലപാടുകൾ തിരുത്തണം. മദ്യ-ലഹരി വിപത്തിൽ നിന്നും സമൂഹത്തെ രക്ഷിക്കാനുള്ള ക്രിയാത്മകവും സത്വരവുമായ നടപടികൾ സർക്കാർ സ്വീകരിക്കണം.

തദ്ദേശസ്ഥാപനങ്ങളുടെ കവർന്നെടുത്ത അധികാരങ്ങൾ പുനഃസ്ഥാപിക്കുക, ആരാധനാലയങ്ങളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും 200 മീറ്റർ ദൂരപരിധി പുനഃസ്ഥാപിക്കുക, ദേശീയ സംസ്ഥാനപാതകൾ തരം താഴ്ത്തുന്നതിൽ നിന്നും പിന്തിരിയുക, ലഹരി സംസ്കാരം പ്രോത്സാഹിപ്പിക്കാതിരിക്കുക എന്നീ ആവശ്യങ്ങൾ നേടിയെടുക്കും വരെ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ശക്തമായ ബോധവത്ക്കരണ - പ്രക്ഷോഭ പരിപാടികൾ ഇടവക, പ്രാദേശിക തലങ്ങ

www.malankaralibrary.com

ളിൽ സംഘടിപ്പിക്കുകയും സമാന ആശയമുള്ള സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും മദ്യവിപത്തിനെതിരെയുള്ള പോരാട്ടത്തിൽ അണിചേർക്കുകയും ചെയ്യാം. കേരളസഭയുടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ എല്ലാതലത്തിലും കൂടുതൽ ശക്തമാക്കണം, അതീവ ജാഗ്രത പുലർത്താം.

◆◆◆◆◆

www.malankaralibrary.com

10

## വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ: ഭാരതസഭയുടെ സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ശക്തമായ സാക്ഷ്യം



രക്ഷയുടെ സുവിശേഷം ലോകത്തിനു നല്കാൻ രക്ത സാക്ഷിയായ സിസ്റ്റർ റാണി മരിയ ഭാരത സഭയുടെ സാമൂഹ്യ ഇടപെടലുകൾക്കും സുവിശേഷവത്കരണ ശുശ്രൂഷയ്ക്കും ഉത്തമ മാതൃകയും അനുഗ്രഹവുമാണ്. പാവങ്ങൾക്കായി ജീവിതവും ജീവനും അർപ്പിച്ച ഒരു സന്ന്യാസി നിയാണ് വാഴ്ത്തപ്പെട്ട രക്തസാക്ഷി സിസ്റ്റർ റാണി മരിയ. പ്രേഷിത ശുശ്രൂഷകൾക്കൊപ്പം സാമൂഹ്യ ഇടപെടലുകൾക്കും സിസ്റ്റർ റാണി മരിയ നേതൃത്വം നല്കി.

www.malankaralibrary.com

സ്ത്രീകളുടെ ക്ഷേമത്തിനും പാവങ്ങളുടെയും ദളിതരുടെയും ഉന്നമനത്തിനും സ്വയം പര്യാപ്തതയ്ക്കുമായി ത്യാഗങ്ങൾ സഹിച്ചു മുന്നേറിയവൾ സ്നേഹത്തിന്റെയും സമർപ്പണ ജീവിതത്തിന്റെയും സ്മാരകം.

ഏതു പ്രതിസന്ധിയിലും സാമൂഹ്യപ്രവർത്തനം നടത്താൻ മനസ്സുണ്ടായ സിസ്റ്റർ റാണി മരിയ പാവങ്ങളുടെ അത്താണിയായ മിഷനറിയായിരുന്നു. പാവങ്ങളോടുള്ള സ്നേഹവും കരുതലുമായിരുന്നു അവളുടെ പ്രത്യേകത. പാവങ്ങൾക്കുവേണ്ടി ശുശ്രൂഷ ചെയ്യുവാനാണ് താൻ വിളിക്കപ്പെട്ടിരിക്കുന്നത് എന്ന ഉറച്ച ബോധ്യം സിസ്റ്റർ റാണി മരിയയ്ക്കുണ്ടായിരുന്നു. "ഞാൻ എപ്പോൾ വേണമെങ്കിലും മരിക്കാം. കർത്താവിനുവേണ്ടി മരിക്കുന്നതിൽ എനിക്ക് ദു:ഖമോ വേദനയോ ഇല്ല. പാവങ്ങൾക്കുവേണ്ടി മരിക്കേണ്ടിവന്നാൽ മരിക്കണം. എനിക്കതിൽ സന്തോഷമേയുള്ളൂ." ഈയൊരു ദൃഢനിശ്ചയമായിരുന്നു ഉത്തരേന്ത്യയിലെ സാമൂഹിക പ്രവർത്തനത്തിൽ സിസ്റ്ററിന്റെ കരുത്ത്. എന്തു പ്രതിസന്ധി നേരിട്ടാലും, സമൂഹത്തിലെ പാവപ്പെട്ടവരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുകയെന്നതായിരുന്നു അവളുടെ ലക്ഷ്യം. സാമൂഹിക പ്രതിബദ്ധതയിലൂടെയും സമർപ്പണമനോഭാവത്തി ലൂടെയും തന്റെ 20 വർഷം നീണ്ട പ്രവർത്തനംകൊണ്ട് ഉത്തരേ ന്ത്യയിലെ കുഗ്രാമങ്ങളുടെ അടിസ്ഥാന വികസനത്തിനും പാവ ങ്ങളെ ചൂഷണത്തിൽനിന്നു രക്ഷിക്കുന്നതിനും സിസ്റ്റർ ധീരമായ നിലപാടുകൾ സ്വീകരിക്കുകയും നേതൃത്വം നൽകുകയും ചെയ്തിരുന്നു. മതത്തിന്റെയും ജാതിയുടെയും തടസ്സങ്ങൾ കടന്ന് അവൾ പ്രഘോഷിച്ചത് നിസ്വാർത്ഥ സേവനത്തിന്റെയും ക്ഷമിക്കുന്ന സ്നേഹത്തിന്റെയും ദർശനമാണ്. പ്രതികാരത്തെക്കാൾ മാപ്പേകലിനു പ്രാധാന്യം കല്പിക്കുന്നവരാകണം ക്രൈസ്തവസമൂഹം എന്ന് അവളുടെ രക്തസാക്ഷിത്വം വിളിച്ചോതുന്നു. യേശുവിന്റെ ക്ഷമിക്കുന്ന സ്നേഹം അതിന്റെ പൂർണതയിൽ പ്രാവർത്തിക മാക്കപ്പെടുകയായിരുന്നു സിസ്റ്റർ റാണി മരിയയുടെ രക്തസാ ക്ഷിത്വത്തിലൂടെ. ഘാതകൻ സമുന്ദർസിങ്ങ് സിസ്റ്റർ റാണി മരിയയുടെ കുടുംബാംഗങ്ങൾക്കൊപ്പം ഉദയനഗറിൽ അവളെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ പങ്കെടുത്തതും സമുന്ദർസിങ്ങിനെ സഹോദര

www.malankaralibrary.com

നായി സിസ്റ്ററിന്റെ കുടുംബങ്ങൾ സ്വീകരിച്ചതും അത്ഭുതത്തിന്റെ കണ്ണുകളിലൂടെമാത്രമേ നമുക്ക് കാണാൻ കഴിയുകയുള്ളൂ.

സഭയുടെ പ്രേഷിത ദൗത്യത്തിനും സാമൂഹ്യ ഇടപെടലുകൾക്കും കൂടുതൽ പ്രചോദനവും മാർഗദർശ നവുമാണ് വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയുടെ ജീവിതവും രക്തസാക്ഷിത്വവും.

◆◆◆◆◆

www.malankaralibrary.com

11

# ആശങ്കയുടെ നിഴലിലും സമാധാനത്തിന്റെ വിത്തുകൾ വിതയ്ക്കാം




ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിന്റെ കാതൽ മതേതര സ്വഭാവവും നാനാത്വത്തിലെ ഏകത്വവുമാണ്. എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യാവകാശവും സംരക്ഷണവും ഉറപ്പാക്കുന്ന ഉത്കൃഷ്ടമായ ഒരു ഭരണഘടനയാണ് നമ്മുടേത്. ഒരു രാജ്യത്തിന്റെ ക്ഷേമവും സുരക്ഷയും അവിടത്തെ ന്യൂനപക്ഷങ്ങളുടെ സുരക്ഷിതത്വത്തിലും ക്ഷേമത്തിലുമാണ് കുടികൊള്ളുന്നത്.

എന്നാൽ ഇന്ന് ന്യൂനപക്ഷങ്ങളുടെയും ദുർബലവിഭാഗങ്ങളുടെയും സംസ്കാരത്തെയും വിശ്വാസത്തെയും ചോദ്യം ചെയ്തുകൊണ്ടും ഭരണഘടനാപരമായ അവകാശത്തെ ഹനിച്ചുകൊണ്ടുമുള്ള നടപടികൾ രാജ്യത്ത് അസ്വസ്ഥത വിതറുകയാണ്. സത്നയിൽ

www.malankaralibrary.com

ക്രിസ്തുമസ് കാരോൾ സംഘത്തിനു നേരെ നടത്തിയ ആക്രമണവും പല സംസ്ഥാനങ്ങളിലും ക്രിസ്തുമസ് ആഘോഷങ്ങൾക്ക് വിവിധ രീതിയിൽ ഏർപ്പെടുത്തിയ വിലക്കുകളും ഭീഷണികളും അത്തരം നടപടികൾക്ക് ഏറ്റവും പുതിയ ഉദാഹരണങ്ങളാണ്. ക്രിസ്തുമസ്സിന്റെ സമാധാനവും സന്തോഷവും പങ്കുവയ്ക്കാൻ ചെന്ന സംഘത്തെ മതപരിവർത്തനക്കാരാക്കി മുദ്രകുത്തി പീഡിപ്പിച്ചത് ഒറ്റപ്പെട്ട സംഭവമായി കാണാനാവില്ല. ആസൂത്രിതമായ ഒരു ഭീഷണിപ്പെടുത്തലിന്റെയും പേടിപ്പിക്കലിന്റെയും ഭാഗമായേ ഇതിനെ കാണാനാവൂ. പുതുവത്സരാഘോഷത്തിനെതിരെയും ചിലർ രംഗത്തെത്തിയിട്ടുണ്ട്.

കുറെക്കാലമായി നമ്മുടെ രാജ്യത്ത് മതപരമായ അസഹിഷ്ണുത വർദ്ധിച്ചുവരുകയാണ്. ബഹുഭൂരിപക്ഷം വരുന്ന ഹൈന്ദവ സമൂഹത്തിലും മറ്റുമതവിഭാഗങ്ങളിലും തീവ്രമായ നിലപാടുകളുടെ വിഷം കുത്തിവയ്ക്കാനുള്ള ശ്രമം വിജയിച്ചുവരുകയാണ്. രാജ്യത്ത് ന്യൂനപക്ഷ വിരുദ്ധ വികാരം വളർത്തുന്നതും മതാധിഷ്ഠിതമായി എല്ലാറ്റിനെയും വിലയിരുത്തുന്നതുമായ പ്രവണത വർദ്ധിക്കുന്നു. പ്രകൃതിദുരന്തത്തിൽ ആത്മാർത്ഥമായി ആശ്വാസവും സഹായവും എത്തിക്കുന്നവരെക്കുറിച്ചുപോലും മതാടിസ്ഥാനത്തിൽ നടത്തുന്ന മാധ്യമ വിചാരണകളും മറ്റും അതിന്റെ ഫലമാണ്.

ഇന്ത്യയുടെ ദേശീയതയും സംസ്കാരവും ആരുടെയും കുത്തകയല്ല. ന്യൂനപക്ഷമായ ക്രൈസ്തവരും ഈ സംസ്കാരത്തിന്റെ ഭാഗവും ദേശത്തിന്റെ ആത്മാവിനെ ഉൾക്കൊണ്ടവരുമാണ്. അവരെ വിശ്വാസത്തിന്റെ പേരിൽ അന്യരായി മുദ്രകുത്താനുള്ള പ്രവണത ഉത്ക്കണ്ഠാജനകവും അപകടകരവുമാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർ നടത്തിയിട്ടുള്ളതും നടത്തുന്നതുമായ സേവനങ്ങൾ രാജ്യസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സാക്ഷ്യങ്ങളാണ്. രാജ്യത്ത് ക്രൈസ്തവർ ജനസംഖ്യയുടെ രണ്ടുശതമാനത്തിൽ താഴെ മാത്രമാണ്. എന്നാൽ എല്ലാ സംസ്ഥാന ങ്ങളിലും അക്ഷരവെളിച്ചവും മനുഷ്യത്വമുള്ള ജീവിതസാഹചര്യവും പ്രദാനംചെയ്യുവാൻ ക്രൈസ്തവർ നല്കുന്ന സംഭാവന വളരെ വലുതാണ്. അഞ്ചര കോടിയോളം കുട്ടികൾ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരാണ്. എവിടെയാണ് ഭരണഘടനാ വിരുദ്ധമായ മതപരിവർത്തനശ്രമങ്ങൾ

www.malankaralibrary.com

നടക്കുന്നത്? മതത്തിന്റെയും ദേശീയതയുടെയും പേരിൽ ന്യൂന പക്ഷങ്ങൾ ആക്രമിക്കപ്പെടരുത്. അക്രമികൾക്ക് ഭരണകൂടം സംര ക്ഷണം നല്കരുത്. അക്രമികൾ നിയമം കൈയിലെടുക്കുന്ന സംഭവ ങ്ങൾ ഉണ്ടാവരുത്. ഭൂരിപക്ഷ വർഗീയതയെ പ്രോത്സാഹിപ്പിച്ച് ന്യൂനപ ക്ഷങ്ങളെ അടിച്ചമർത്താൻ നടത്തുന്ന ശ്രമം രാജ്യത്തിന്റെ മതേതര സ്വഭാവത്തെ ഇല്ലാതാക്കുന്നതാണ്. ബന്ധപ്പെട്ട എല്ലാ സംവിധാന ങ്ങളും ഈ കാര്യത്തിൽ അതീവ ജാഗ്രത പുലർത്തണം.

സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളാൻ ആളുകൾ തയ്യാറാ കാത്ത സാഹചര്യം സമൂഹത്തിന്റെ ജീർണതയാണ് സൂചിപ്പി ക്കുന്നത്. രാജ്യത്ത് വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും വിത്തുകൾ വിതയ്ക്ക പ്പെടുകയും ഭയാനകമായ സാഹചര്യങ്ങൾ സൃഷ്ടിക്ക പ്പെടുകയും മനുഷ്യത്വത്തിനു നിരക്കാത്തതും അപമാനകരവുമായ സംഭവങ്ങൾ കൂടിവരുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ സമാധാനാ ന്തരീക്ഷം നിലനിർത്താൻ ബോധപൂർവകമായ പ്രയത്നം ആവശ്യ മാണ്. സമാധാനത്തിനും സഹവർത്തിത്വത്തിനും വേണ്ടി പ്രവർത്തി ക്കണമെങ്കിൽ സത്യത്തിന്റെയും നീതിയുടെയും സ്വരം ശ്രവിക്കാനുള്ള സന്മനസ്സുണ്ടാകണം. സമാധാനത്തിനുവേണ്ടിയുള്ള കൂടിവരവ് ഇന്ന് അനിവാര്യമാണ്. ഈ പുതുവർഷത്തിൽ സമാധാനത്തിന്റെ വിത്തുകൾ വിതയ്ക്കുവാൻ നമുക്ക് മുൻകൈ എടുക്കാം. എല്ലാവർക്കും പുതുവ ത്സരത്തിന്റെ ആശംസകൾ നേരുന്നു!

◆◆◆◆◆

www.malankaralibrary.com

12

# 'ലോകത്തെ കീഴടക്കിയവനു'പിന്നിൽ അണിചേരാം



കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയമായ പി.ഒ.സി ജനുവരിമാസത്തിൽ ഒരുക്കിയ 'മിഷനറിമാരുടെ സംഗമ'വും 'മിഷൻ എക്സ്പോ'യും ഭാരതസഭയുടെ തിളക്കമാർന്ന പ്രേഷിത പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയായി. ക്രൈസ്തവനായി ജീവിക്കുകയെന്നത് ഭൗതികജീവിതത്തിൽ ദുഷ്കരമാകുമ്പോഴെല്ലാം 'നമ്മിൽ ജീവിക്കുന്ന ക്രിസ്തു'വാണ് ലോകത്തിനു മുമ്പിൽ നിറസാക്ഷ്യമായി പരിണമിക്കുന്നത്. വിവിധ കർമ്മ

www.malankaralibrary.com

മേഖലകളിലേക്ക് വെളിച്ചമേകിയ 'മിഷൻ എക്സ്പോ' പ്രേഷിതരുടെ, പ്രത്യേകിച്ച് മറ്റു നാടുകളിൽ ക്രിസ്തുപാതയിൽ മുന്നേറുന്നവരുടെ പച്ചയായ ജിവിത സാക്ഷ്യങ്ങളാൽ സമ്പന്നമായിരുന്നു. പി.ഒ.സിയുടെ പ്രധാന ഓഡിറ്റോറിയം മദർതെരേസയുടെ നാമം പേറുന്നതാണ്. ആ ഹാളിൽ നിറഞ്ഞു കവിഞ്ഞെത്തിയ പ്രേഷിതതീക്ഷ്ണതയുള്ളവരുടെ ആവേശകരമായ സാന്നിദ്ധ്യം തീർച്ചയായും നമ്മെ ദൈവപരിപാലനയുടെ അത്യപൂർവ വഴികളിലേക്ക് നയിക്കുന്നതായി.

2018 ഫെബ്രുവരി മാസത്തിലെ ഫ്രാൻസിസ് മാർപാപ്പയുടെ പ്രാർത്ഥനാനിയോഗം അഴിമതിക്കെതിരേ പോരാടാനുള്ള ആഹ്വാനവുമായി ബന്ധപ്പെട്ടതാണ്. പൊതുജീവിതത്തിൽ എല്ലാ മേഖലകളിലും അഴിമതി ഒരു സാംക്രമികരോഗംപോലെ പടരുകയാണ്. ലോകത്തും രാജ്യത്തും സഭയിലും വ്യക്തി ജീവിതത്തിലും നീതിയുടെയും സത്യത്തിന്റെയും നേരറിവുകൾക്ക് രൂപമാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്ന വാർത്തകളാണല്ലോ അനുദിനം ഉയർന്നുനില്ക്കുന്നത്.

ഇന്ത്യൻ ജനാധിപത്യവും നീതിന്യായ വ്യവസ്ഥിതിയുടെ സുതാര്യതയും ആപത്കരമായ പ്രതിസന്ധിയിലാണ്. ജനാധിപത്യ സംവിധാനത്തിന്റെ കാവലാളായി വിശേഷിക്കപ്പെടുന്ന നീതിന്യായ വ്യവസ്ഥിതിയുടെ സുതാര്യതയും സ്വാതന്ത്ര്യവും നീതിബോധവും സുപ്രീം കോടതിയിൽ ഉൾപ്പെടെ പലമേഖ ലകളിലും ചോദ്യം ചെയ്യപ്പെടുകയാണ്. ഭൗതിക, രാഷ്ട്രീയ, ആത്മീയ അധികാര ശ്രേണികളിൽ പ്രവർത്തിക്കുന്നവർക്ക് അഴിമതിയുടെ പ്രലോഭനങ്ങളെ നേരിടാൻ ശക്തിയേകുന്നതാ യിരിക്കണം നമ്മുടെ പ്രാർത്ഥനാനിയോഗങ്ങൾ. അവരുടെ പാതകൾക്ക് വെളിച്ചവും പാദങ്ങൾക്ക് വിളക്കുമായിരിക്കണം നമ്മുടെ പ്രാർത്ഥനകൾ!

'ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു' എന്ന ക്രിസ്തുവിന്റെ പ്രഖ്യാപനത്തിന്റെ സുവർണ്ണപ്രകാശത്തിൽ വേണം ഓരോ ക്രൈസ്തവനും സഭയും സമൂഹവും രാഷ്ട്രവും നേരിടുന്ന പ്രതിസന്ധികളെ വായിച്ചെടുക്കേണ്ടതും ജീവിച്ചു കാണിക്കേണ്ടതും. യഥാർത്ഥ ദൈവനീതിയുടെ സ്വരം ശ്രവിക്കാനും പ്രത്യാശയോടെ സത്യത്തെ പിന്തുടരാനും 'ലോകത്തെ ജയിച്ചവന്റെ' പിന്നിൽ അണിനിരക്കാനും മാനസാന്തരത്തിന്റെ ഫലം പുറപ്പെടു

www.malankaralibrary.com

വിക്കാനും നമുക്ക് കഴിയട്ടെ. മാനസാന്തരത്തിലൂടെ നമ്മിൽ ജീവിക്കുന്ന ക്രിസ്തുവിനെ കൂടുതൽ ദീപ്തമായി മറ്റുള്ളവർക്കു മുന്നിൽ ദൃശ്യമാക്കാൻ കഴിയുന്നവിധം നമ്മിലുള്ള പ്രാർത്ഥനാരൂപി കൂടുതൽ ജ്വലിക്കട്ടെ

◆◆◆◆◆

www.malankaralibrary.com

13

# പൊതുസമൂഹത്തിന്റെ കാവലാളുകളാണ് നാം



കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിലും (നമ്പർ 1897) ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായുടെ ചാക്രികലേഖനത്തിലും (ഭൂമിയിൽ സമാധാനം) രാഷ്ട്രീയാധികാരത്തെക്കുറിച്ച് വ്യക്തമായ നിർവചനമുണ്ട്: "ജനങ്ങളുടെയിടയിലായാലും രാഷ്ട്രത്തിന്റെ പ്രതിനിധികളായിരിക്കുന്ന സ്ഥാപനങ്ങളിലായാലും ധാർമികക്രമത്തിന്റെ പരിധിക്കുള്ളിലായിരിക്കണം രാഷ്ട്രീയാധി

www.malankaralibrary.com

കാരം കൈകാര്യം ചെയ്യപ്പെടുന്നത്. പൊതുക്ഷേമമായിരിക്കണം അതിന്റെ ലക്ഷ്യം. ഈ പൊതുക്ഷേമത്തെക്കുറിച്ച് ചലനാത്മകമായ ഒരു ധാരണയുണ്ടായിരിക്കണം. നൈയാമികമായി നടപ്പിലാക്കിയിരിക്കുന്നതോ നടപ്പിലാക്കാനിരിക്കുന്നതോ ആയ നിയമവ്യവസ്ഥിതിക്ക് ഇണങ്ങുന്ന വിധത്തിലേ രാഷ്ട്രീയാധികാരം വിനിയോഗിക്കാവൂ. അങ്ങനെ അധികാരം കൈകാര്യം ചെയ്യപ്പെടുമ്പോൾ അത് അനുസരിക്കാൻ പൗരന്മാർ മന:സാക്ഷി പ്രകാരം ബാധ്യസ്ഥരാണ്."

രാഷ്ട്രപിതാവായ മഹാത്മജിയുടെ ചിന്തകളും മേൽ ഉദ്ധരിച്ച ആശയങ്ങൾ ശരിവയ്ക്കുന്നുണ്ട്, 'ഹരിജൻ' എന്ന മാസികയിൽ (27-5-1939) അദ്ദേഹം എഴുതി: "സമൂഹത്തിലെ വിഭിന്നജനവിഭാഗങ്ങളുടെ ശാരീരികവും സാമ്പത്തികവും ആദ്ധ്യാത്മികവുമായ വിഭവങ്ങൾ സമാഹരിച്ച് അത് പൊതു നന്മയ്ക്കുവേണ്ടി പ്രയോജനപ്പെടുത്തുന്ന സുന്ദരമായ കലയും ശാസ്ത്രവുമാണ് ജനാധിപത്യം."

കേന്ദ്ര-സംസ്ഥാനഭരണകൂടങ്ങൾ ഈ നാളുകളിൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നത് ശരിയായ ജനാധിപത്യ കാഴ്ചപ്പാടോടു കൂടിയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മദ്യശാലകൾ തുറക്കാൻ നിയമങ്ങൾ കഴിയാവുന്നത്ര ലഘൂകരിക്കുകയും വിദ്യാലയങ്ങളും അനാഥരെ സംരക്ഷിക്കാനുള്ള സ്ഥാപനങ്ങൾ പോലും നടത്താനുള്ള നിയമങ്ങൾ ആർക്കും പാലിക്കാനാവാത്തതാക്കിത്തീർക്കുകയും ചെയ്യുന്ന ഭരണാധികാരികളുടെ നടപടികൾ പൊതുസമൂഹത്തെ പോലും ഇന്ന് അമ്പരപ്പിച്ചിട്ടുണ്ട്.

ഈ ലോകത്തിലാണ് സഭ തീർത്ഥാടനം ചെയ്യുന്നത്. സഭാവിശ്വാസികളും സഭയെ നയിക്കുന്നവരുമെല്ലാം പ്രലോഭനങ്ങളെ ചെറുത്തുകൊണ്ട് അഴിമതിക്കെതിരെ പോരാടണമെന്ന് ഫെബ്രുവരി മാസത്തിലെ പ്രാർത്ഥനാനിയോഗത്തിൽ ഫ്രാൻസിസ് പാപ്പ അഭ്യർത്ഥിച്ചിരുന്നു. കർഷകർക്കെതിരെയുള്ള ഭരണകർത്താക്കളുടെ മനോഭാവത്തിലും സമീപനത്തിലും ചിലപ്പോഴെങ്കിലും അഴിമതിയുടെ ഗന്ധമുണ്ട്. കീഴാറ്റൂരിൽ കച്ചവടക്കാരെ രക്ഷിക്കാൻ നെൽവയലുകൾ മണ്ണിട്ടുനികത്താൻ അത്യാവേശം കാണിക്കുന്ന ഭരണകർത്താക്കൾ കർഷകരെ ചവിട്ടിമെതിക്കുമ്പോൾ ആ ഓരോ

www.malankaralibrary.com

കാൽവെപ്പുകളിലും നിക്ഷിപ്തതാത്പര്യങ്ങളുടെ ചെളിപുരണ്ടിട്ടുണ്ടോയെന്ന സംശയം പലർക്കുമുണ്ട്.

ശരിയായ ജനാധിപത്യം നിലനില്ക്കണമെങ്കിൽ സഹിഷ്ണുത കൂടിയേതീരൂ. അസഹിഷ്ണുത നിറഞ്ഞ സർക്കാർ നടപടികൾ ഭരണകർത്താക്കളിലുള്ള വിശ്വാസരാഹിത്യമേ ഉളവാക്കൂ. മതേതരസ്വഭാവവും നാനാത്വത്തിലെ ഏകത്വവുമാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ കാതൽ. ന്യൂനപക്ഷങ്ങളുടെയും ദുർബലജനവിഭാഗങ്ങളുടെയും അനന്യത, വ്യക്തിത്വം, സാംസ്കാരിക പൈതൃകം എന്നിവയെല്ലാം ചോദ്യം ചെയ്യപ്പെടുമ്പോൾ അത്തരം ഭരണനടപടികളിലെ ജനാധിപത്യവിരുദ്ധ സ്വഭാവം ചൂണ്ടിക്കാണിക്കാൻ ഓരോ ഭാരതീയർക്കും കടമയുണ്ട്.

ന്യൂനപക്ഷങ്ങൾ ഈ രാജ്യത്തിന്റെ തന്നെ ഭാഗമാണെന്നും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഭരണഘടനാപരമായ ചുമതല തങ്ങൾക്കുണ്ടെന്നും ചിലപ്പോഴെങ്കിലും ഭരണകർത്താക്കളെ ഓർമ്മിപ്പിക്കേണ്ട നാളുകളാണിത്. നിസ്സംഗതയും ഉദാസീനതയും ഒത്തുതീർപ്പ് മനോഭാവവും എക്കാലത്തും ജനാധിപത്യത്തിന് ആപത്തായിട്ടുണ്ടെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

ദേശീയതയെന്നത് ഓരോ ഭാരതീയന്റെയും ഹൃദയത്തിലുള്ള കെടാവിളക്കാണ്. ആ ദീപപ്രകാശം എല്ലാ ഭാരതീയരിലേക്കും പ്രസരിക്കുന്നുമുണ്ട്. എന്നാൽ ദേശീയതയുടെ കാവലാളുകൾ എന്ന പേരിലും ഭാരതീയ പൈതൃകങ്ങളുടെ ധാർഷ്ട്യവാഹകർ എന്ന പേരിലുമുള്ള ചില നിക്ഷിപ്ത താത്പര്യക്കാരുടെ പ്രവർത്തനങ്ങളെ ചെറുക്കാനുള്ള ജാഗ്രത നാം പ്രകടിപ്പിച്ചേ പറ്റൂ. ആലസ്യത്തിലാഴാതെ, ഉണർന്നിരിക്കണം നാം കാരണം, ഈ രാജ്യത്തെ നന്മനിറഞ്ഞ പൊതുസമൂഹത്തിന്റെ കാവലാളുകളാണ് നാം.

◆◆◆◆◆

www.malankaralibrary.com

14

# സഭയോടൊപ്പം, മനുഷ്യരോടൊപ്പം ക്രിസ്തുവിലേക്ക്....



ആഗോളതലത്തിൽ സംഭവിച്ചിട്ടുള്ള സാമൂഹിക മാറ്റങ്ങളുടെ അനുരണനങ്ങൾ ഇന്ന് അതിവേഗം ലോകത്തിന്റെ ഏതൊരു കുഗ്രാമത്തിലും അലയടിച്ചെത്തുന്ന അവസ്ഥയുണ്ട്. ഈ മാറ്റങ്ങൾ എന്തെല്ലാമാണെന്നു ഫ്രാൻസിസ് പാപ്പാ 'കർത്താവേ, അങ്ങേയ്ക്ക് സ്തുതി' എന്ന ചാക്രികലേഖനത്തിൽ വിശദമാക്കിയിട്ടുണ്ട്. തൊഴിൽസംബന്ധിയായ സാങ്കേതിക കണ്ടുപിടിത്തങ്ങ

www.malankaralibrary.com

ളുടെ അനന്തരഫലങ്ങൾ, സാമൂഹികമായ തിരസ്കരണം, ഊർജ്ജ ത്തിന്റെയും മറ്റ് സേവനങ്ങളുടെയും വിതരണത്തിലും ഉപഭോഗ ത്തിലുമുള്ള അസമത്വം, സാമൂഹികത്തകർച്ച, വർദ്ധിച്ചുവരുന്ന അക്ര മം, സാമൂഹികാതിക്രമത്തിന്റെ പുതിയ രൂപങ്ങളുടെ വർദ്ധനവ്, മയക്കുമരുന്നു കടത്ത്, യുവജനങ്ങളുടെ വർദ്ധമാനമായ തോതി ലുള്ള മയക്കുമരുന്നിന്റെ ഉപയോഗം, സ്വത്വക്ഷയം എന്നീ വസ്തു തകൾ പരിഗണിക്കുമ്പോൾ അവ കഴിഞ്ഞ രണ്ടുനൂറ്റാണ്ടുകളിലെ ഭൗതിക പുരോഗതി, മനുഷ്യവ്യക്തിയുടെ സമഗ്രവികസനത്തി ലേക്കും ജീവിതഗുണമേന്മയുടെ വളർച്ചയിലേക്കും നയിച്ചിട്ടില്ലെ ന്നതിന്റെ അടയാളങ്ങളായി പാപ്പാ അഭിവീക്ഷിക്കുന്നു.

സമഗ്രതയും ബന്ധങ്ങളും തകർന്നുപോയതിന്റെ ഈ നിശ്ശബ്ദ ലക്ഷണങ്ങളോട് പ്രത്യുത്തരിക്കാനും പരിഹാരം കാണാനും ക്രൈസ്തവർക്കു കടമയും കർത്തവ്യമുണ്ട്. സമ്പത്തും പ്രശസ്തിയും സ്ഥാനമാനങ്ങളും ഭൗതിക നേട്ടങ്ങളും സന്തോഷം നേടിത്തരുമെന്ന മിഥ്യാധാരണയ്ക്ക് എതിരേ ''ആനന്ദിച്ച് ആഹ്ലാദിക്കുവിൻ"(Gaudete et Exsultate) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ക്രിസ്തുവിന്റെ സുവിശേഷ ദർശനങ്ങളുടെ പിൻബലത്തോടെ, ശാശ്വതമായ സന്തോഷത്തിലേക്കുള്ള വഴി കാട്ടിത്തരുന്ന ഫ്രാൻസിസ് പാപ്പാ നമുക്ക് മാതൃകയാണ്.

കേരളസഭയുടെ പരിപ്രേക്ഷ്യത്തിൽ കേരളസഭ "ഒന്നിച്ചാ യിരിക്കുന്നതിന്റെ" സുഭഗദർശനമാണ് പി.ഒ.സി. എന്ന പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ. ലോകത്തിലെ എല്ലാവരും വിശുദ്ധി യിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നുവെന്ന യാഥാർഥ്യം അനുഭവ വേദ്യമാക്കണം. കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ ആസ്ഥാനകാര്യാലയമെന്ന പുതുനിർവചനത്തിനു കീഴിൽ അൻപതാണ്ട് ആഘോഷിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ സംരംഭകർ വഹിച്ച ത്യാഗനിർഭരമായ സേവനങ്ങളെ ആദ്യമേ നന്ദിപൂർവം സ്മരിക്കുന്നു. സമകാലിക കേരളത്തിന്റെ സങ്കീർണമായ വിശ്വാ സസാഹചര്യങ്ങളിൽ ദിശാബോധം നല്കാനാകുംവിധം അഭിവന്ദ്യപിതാക്കന്മാരുടെ ആശീർവാദത്തോടും അനുമതിയോ ടുംകൂടി പി.ഒ.സി. കൂടുതൽ സജ്ജമാകേണ്ടതുണ്ട്. നിലവിലുള്ള പ്രവർത്തനങ്ങളോടൊപ്പം ഓരോ കാലഘട്ടവും ചൂണ്ടിക്കാണി

www.malankaralibrary.com

ക്കുന്ന സാമൂഹിക, സാംസ്കാരിക, സാമ്പത്തിക സംഘർഷങ്ങളിലേക്കുള്ള ഇറങ്ങിചെല്ലാൻ കത്തോലിക്കാ സഭയുടെ പ്രവാചക ധർമ്മത്തിലുള്ള ഈ പ്രസ്ഥാനത്തിന്റെ പങ്കുചേരലായി പരിണമിക്കും.


നമ്മുടെ പൈതൃക തിരുശേഷിപ്പുകളെ വണങ്ങി, വർത്തമാനകാലഘട്ടത്തിലെ പ്രതിസന്ധികളിലേക്ക് ക്രിസ്തു വചനങ്ങളുടെ ശക്തിയും തേജസ്സും ഹൃദയത്തിൽ ഏറ്റുവാങ്ങി മുന്നോട്ട് നീങ്ങാൻ പി.ഒ.സിയുടെ പ്രവർത്തകർക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഒപ്പം, അന്തർദേശീയവും ദേശീയവും പ്രാദേശികവുമായ തലങ്ങളിൽ മനുഷ്യർക്കെതിരേ അവിചാരിതമായി ഉയർന്നുവരുന്ന സംഘർഷത്തിന്റെ തിരമാലകളിൽ നിന്നുള്ള രക്ഷാപേടകമായി യേശുതമ്പുരാൻ സ്ഥാപിച്ച ക്രിസ്തുസഭയെ രൂപാന്തരപ്പെടുത്താനുള്ള നിരന്തരമായ പരിശ്രമങ്ങളിൽ നമുക്ക് പ്രാർത്ഥനാപൂർവം ജാഗ്രതയോടെ അണിചേരാം.

◆◆◆◆◆

www.malankaralibrary.com

15

# സഭയുടെ തനിമയും വിശ്വാസ്യതയും സംരക്ഷിക്കണം



സഭ പൊതുസമൂഹത്തിൽ ഇന്ന് വളരെയേറെ വിമർശിക്കപ്പെടുകയാണ്. സഭാപിതാക്കന്മാരും സഭാ നേതൃത്വവും പുരോഹിതരും കന്യാസ്ത്രീകളും കുറ്റാരോപിതരായുള്ള സംഭവങ്ങൾ ഏറെ ഗൗരവത്തോടെയാണ് കത്തോലിക്കാസഭ വീക്ഷിക്കുന്നത്. ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങളെ സഭ ഒരിക്കലും ന്യായീകരിക്കുന്നില്ല. ഇത്തരം തെറ്റുകളെ സഭ എക്കാലവും അപലപിക്കുകയും കുറ്റക്കാരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കുറ്റവാളി

www.malankaralibrary.com

കൾ ആരായാലും ശിക്ഷിക്കപ്പെടണമെന്നത് ഈ രാജ്യത്ത് നില നില്ക്കുന്ന ഭരണഘടനാനുസൃതമായ നിയമസംവിധാനമാണ്. ആ സംവിധാനവുമായി ആത്മാർത്ഥമായി സഹകരിക്കാൻ സഭയും ദൈവജനവും പ്രതിജ്ഞാബദ്ധവുമാണ്. പാപിയെ ചേർത്തണയ്ക്കു കയും പാപത്തെ നഖശിഖാന്തം എതിർക്കുകയും ചെയ്യുന്ന നില പാടിൽനിന്ന് ഒരിക്കൽ പോലും സഭ പിന്നോക്കം പോയിട്ടില്ല. ക്രൈസ്തവ വിശ്വാസികളുടെ വേദനകളും ആശങ്കകളും പൂർണമായ അർത്ഥത്തിൽ സഭ ഉൾക്കൊള്ളുന്നു.

സമൂഹത്തിന്റെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുവാൻ മാധ്യ മങ്ങൾക്ക് കഴിയണം. സമൂഹത്തിലെ പുഴുക്കുത്തുകൾ നിർമാർജനം ചെയ്യുന്നതിൽ മാധ്യമങ്ങൾക്ക് പ്രധാനപ്പെട്ട പങ്കുണ്ട്. മറ്റേതു സംവി ധാനങ്ങളെക്കാൾ ഉപരിയായി മാധ്യമലോകം ഇന്ന് മനുഷ്യമന സ്സുകളെ കീഴടക്കിക്കഴിഞ്ഞിരിക്കുന്നു. സാമൂഹ്യ തിന്മകളെക്കുറിച്ച് ബോധവത്കരിക്കുകയും സത്യം വെളിച്ചത്തു കൊണ്ടുവരികയും വ്യക്തികളിലും സമൂഹത്തിലും മൂല്യച്യുതി സംഭവിക്കാതെ സൂക്ഷിക്കുകയും ചെയ്യേണ്ടത് മാധ്യമങ്ങളുടെ ധർമം കൂടിയാണ്. മറിച്ച് സെൻസേഷണൽ വാർത്തകൾകൊണ്ട് ശ്രദ്ധ പിടിച്ചുപറ്റുക യും, കവറേജ് വർദ്ധിപ്പിക്കുകയും, അവസരങ്ങൾ ഉപയോഗിച്ച് വ്യക്തി കളെയും സ്ഥാപനങ്ങളെയും സംവിധാനങ്ങളെയും അവഹേളിക്കുകയും മാധ്യമങ്ങൾ സ്വയം വിധിയാളന്മാരാകുകയും ചെയ്യുന്ന രീതി ആശാ സ്യമല്ല; അത് മാധ്യമ ധാർമികതയ്ക്ക് നിരക്കുന്നതുമല്ല. മറ്റാരുടെയോ സ്ഥാപിത താത്പര്യങ്ങൾക്കുവേണ്ടി കരുതിക്കൂട്ടി ചില വിഭാഗങ്ങളെ ള മാത്രം വളഞ്ഞാക്രമിക്കുന്ന രീതി ഒരിക്കലും ന്യായീകരിക്കാനാ വില്ല. ചുരുക്കം ചിലരുടെ പേരിൽ ഉയരുന്ന ആരോപണങ്ങളുടെ പേരിൽ ഒരു സംവിധാനത്തെ മുഴുവൻ അവഹേളിക്കുകയും അതി ന്മേൽ വിധിയാളന്മാരാകുകയും ചെയ്യുന്ന മാധ്യമശൈലിയിൽനിന്ന് മാധ്യമ അവതാരകർ പിന്തിരിയേണ്ടതാണ്.

ശിഷ്യന്മാർ യേശുവിന്റെ പീഡാനുഭവങ്ങൾക്ക് സാക്ഷികളാ കേണ്ടിവന്നപ്പോൾ, പ്രതിസന്ധികളെ നേരിടേണ്ടി വന്നപ്പോൾ തളർന്നുപോയി. അവർ ഒരുപരിധിവരെ ദൗത്യത്തിൽനിന്ന് അകന്നു പോവുകയും എതിർസാക്ഷ്യമാവുകയും ചെയ്തു. യേശുവിൽ നിന്ന് അകന്നുപോയ ശിഷ്യന്മാരുടെ വിശ്വാസ്യതയും ന്യായ

www.malankaralibrary.com

ബോധവും വീണ്ടെടുക്കാൻ സഹായിക്കുന്നത് പരിശുദ്ധാത്മാവിന്റെ ആവാസമാണ്. പരിശുദ്ധാത്മാവിന്റെ നിറവ് കേരളസഭയെ കൂടുതൽ ശക്തിപ്പെടുത്തുമെന്നു നമുക്കു പ്രത്യാശിക്കാം. നന്മചെയ്തു കട ന്നുപോയ ദൈവപുത്രന്റെ കാല്പ്പാടുകൾ പിന്തുടരുകയെന്നതാണ് ക്രൈസ്തവരുടെ കടമയും കർത്തവ്യവും. പരിപൂർണ്ണ ദൈവാ ശ്രയത്തോടെ ഈ ശുശ്രൂഷനിർ വഹിക്കാം. ഈ അടുത്ത നാളുകളിലായി സഭയെ തേജോവധം ചെയ്യുന്നതിനും സഭാ നേതൃത്വത്തേയും പൗരോഹിത്യത്തേയും അവഹേളിക്കു ന്നതിനും കൂദാശകളെ നിരാകരിക്കുന്നതിനും സഭാ സംവിധാ നത്തെ തന്നെ തകർക്കുന്നതിനും ആസൂത്രിതമായി നടക്കുന്ന നീക്കങ്ങൾ ക്കെതിരെ സഭാ സമൂഹം ജാഗരൂക രായിരിക്കണം. സഭയുടെ തനി മയും വിശ്വാസ്യതയും സംരക്ഷിക്കാനും പ്രഘോഷിക്കാനും അജപാലകരും വിശ്വാസികളും ഒരേ മനസ്സോടെ പ്രാർത്ഥിക്കണം; കൈകോർക്കണം.


ക്രൈസ്തവസഭയ്ക്കെതിരെയുള്ള പ്രചരണമായാലും, സ്ത്രീകൾക്കെതിരെയുള്ള ആക്രമണമായാലും, കാമ്പസ് കൊലപാതകമായാലും, ദളിത് പീഡനമായാലും മനുഷ്യ മഹത്വ മാണ് ചവിട്ടിമെതിക്കപ്പെടുന്നത്. മനുഷ്യകുലത്തിന്റെ നന്മയെ പരി പോഷിപ്പിക്കാത്ത എന്തും മനുഷ്യകുലത്തെ നശിപ്പിക്കും എന്ന റിഞ്ഞ് നാം അത്തരം സാഹചര്യങ്ങളോട് പ്രത്യുത്തരിക്കണം. സമൂഹത്തിനു വിവിധ മേഖലകളിൽ മികച്ച സേവനം നല്കിയി ട്ടുള്ള, നല്കിക്കൊണ്ടിരിക്കുന്ന കത്തോലിക്കാ സഭയെ ചില ഒറ്റ പ്പെട്ട ആരോപണങ്ങളുടെ പേരിൽ ചില മാധ്യമങ്ങൾ വളഞ്ഞിട്ടാ ക്രമിക്കുന്നത് എന്തുകൊണ്ടാണെന്നു സമുദായാംഗങ്ങളും പൊതു സമൂഹവും ചിന്തിക്കുകയും ഉചിതമായി പ്രതികരിക്കുകയും ചെയ്യ ണം. അതുപോലെ തന്നെ മാധ്യമങ്ങൾ അവതരിപ്പിക്കുന്ന വിഷയ ങ്ങൾ വസ്തുനിഷ്ഠമാണോ നീതിയുക്തമാണോ എന്ന് പരിശോ ധിക്കണം. വാർത്തകൾ ശേഖരിക്കുന്നവരും പങ്കുവയ്ക്കുന്നവരും അവയുടെ കർത്തവ്യം നീതിപൂർവമായും ധാർമികതയോടുകൂടിയും ചെയ്യേണ്ടതാണ്.

◆◆◆◆◆

www.malankaralibrary.com

16

## പ്രളയാനന്തരവും
## പ്രശ്നഭരിതമായ കേരളം



പ്രളയാനന്തരവും പ്രശ്നഭരിതമാണ് കേരളം. പ്രളയം സൃഷ്ടിച്ച അതിഗുരുതരമായ പ്രതിസന്ധിയെ നാം മറികടന്നു കഴിഞ്ഞുവെന്നു പറയാനാവില്ല. ദുരന്തമുഖത്ത് സഹായ സഹകരണങ്ങളിലൂടെ പരസ്പരം കൈകോർത്തുകൊണ്ട്, മലയാളികൾ ലോകത്തിനു നല്കിയ സ്നേഹസൗഹൃദ സാക്ഷ്യം ചരിത്രത്തിൽ തങ്കത്തിളക്കമുള്ള അക്ഷരങ്ങൾകൊണ്ട് രേഖപ്പെടുത്തുമെന്ന കാര്യം തീർച്ച. മനുഷ്യന്റെ കരുണയുടെയും കരുതലിന്റെയും സ്വാഭാവികമായ കവിഞ്ഞൊഴുക്കായി വേണം പ്രളയ ദുരന്തത്തിൽപ്പെട്ടവർക്കു വേണ്ടി നടന്ന രക്ഷാ- ദുരിതാശ്വാസപ്രവർത്തനങ്ങളെ കാണാൻ. നമ്മുടെ ഇടവക സമൂഹവും സ്ഥാപനങ്ങളും സമർപ്പിത സമൂഹങ്ങളും അല്മായ- യുവജന

www.malankaralibrary.com

സംഘടനകളും സർക്കാരിനോടും മറ്റു സന്നദ്ധ പ്രവർത്തകരോടും സംവിധാനത്തോടും ചേർന്ന് നടത്തിയ അടിയന്തര ദുരിതാ ശ്വാസ-ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റം മാതൃകാപരവും അഭിമാനർഹവുമാണ്. പ്രളയാനന്തരമുള്ള അതിജീവനത്തി ന്റേതായ നാളുകളിൽ, എല്ലാം നഷ്ടപ്പെട്ടുപോയ മനുഷ്യരുടെ നെഞ്ചിലൂറുന്ന നൊമ്പരങ്ങൾ കാണാൻ കണ്ണും കാതുമുണ്ടാവുക യെന്നതാണ് മനുഷ്യസ്നേഹിയെന്ന നിലയിൽ, ക്രൈസ്തവ വിശ്വാസിയെന്ന നിലയിൽ, നമ്മുടെ കർത്തവ്യം.

പ്രകൃതി ദുരന്തങ്ങൾക്കു ശേഷം മനുഷ്യനിർമ്മിത ദുരന്തങ്ങളാൽ നാം ഏറെ ആശങ്കപ്പെടുകയാണ് ഇന്ന്. മനുഷ്യവം ശത്തിന്റെ നിലനില്പിനുതന്നെ കാരണമായ ലൈംഗികത, വിവാഹം, കുടുംബം എന്നിവയെ ബാധിക്കുന്ന നിയമങ്ങൾ സമൂഹ ത്തിന് ധാർമ്മികമായ മാർഗ്ഗദർശനം നല്കുന്നവയല്ലെങ്കിൽ അതു ണ്ടാക്കുന്ന സാമൂഹികവും ധാർമ്മികവുമായ പ്രത്യാഘാതങ്ങൾ വലുതായിരിക്കും. നിയമവും ധാർമ്മികതയും രണ്ടു വഴിക്കു നീങ്ങു ന്നത് ആരോഗ്യകരമല്ല.

ഐപിസി 377-ാം വകുപ്പിൽ മാറ്റം വരുത്തികൊണ്ട് പ്രായപൂർത്തിയായവർ തമ്മിൽ ഉഭയസമ്മതപ്രകാരമുള്ള സ്വവർഗരതി കുറ്റകരമല്ലെന്ന സുപ്രീം കോടതി വിധി നിർണായ കമാണ്. ഏതൊരു മനുഷ്യന്റെയും ഉദ്ഭവസ്ഥാനം കുടുംബമാണെ ന്നിരിക്കെ, ഈ ഉറവിടം പവിത്രമായി സൂക്ഷിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. സ്വവർഗരതിക്കാരുടെ മാനുഷികമായ അവകാ ശങ്ങൾ പരിപാലിക്കുന്നതോടൊപ്പം സമൂഹത്തിന്റെ നന്മയും പുരോഗതിയും കാംഷിക്കുന്നവരുടെ പക്ഷത്തേക്ക് അവരെ നീക്കി നിർത്തുവാനുള്ള ശ്രമവും നടക്കേണ്ടതുണ്ട്. സ്വവർഗരതിയെ മഹത്ത്വവത്കരിക്കാനും ആഘോഷിക്കാനുമുള്ള പ്രവണത സമൂഹത്തിനു ഗുണകരമല്ല.

ഐപിസി 497 വകുപ്പ് റദ്ദാക്കികൊണ്ട് വിവാഹേതര ലൈംഗികബന്ധം ക്രിമിനൽ കുറ്റമല്ലാതാക്കിയ സുപ്രീം കോടതി വിധി.കുടുംബ-സാമൂഹിക ജീവിതങ്ങളെ കൂടുതൽ സങ്കീർണ്ണവും ക്ലേശപൂർണ്ണവുമാക്കും. ഈ വിധി ലൈംഗിക അരാജകത്വം മാത്രമല്ല കുടുംബബന്ധങ്ങളുടെ തകർച്ചയ്ക്കും വിവാഹമോചന

www.malankaralibrary.com

ത്തോത് വർദ്ധിക്കുന്നതിനും കുഞ്ഞുങ്ങളുടെ ഭാവി അനിശ്ചിതത്വ ത്തിലാക്കുന്നതിനും ഇടനല്കിയേക്കും. കോടതി വിധികളുടെ വെളിച്ചത്തിൽ ദാമ്പത്യ ബന്ധത്തിന്റെ വിശുദ്ധിയും കുടുംബ ത്തിന്റെ ഭദ്രതയും കുട്ടികളുടെ സുരക്ഷിതത്വവും സാമൂഹ്യജീവി തത്തിലെ ധാർമികതയും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തണം.

ശബരിമലയിൽ എല്ലാ പ്രായത്തിലുള്ള സ്ത്രീകൾക്കും പ്രവേശനം അനുവദിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധിയും പൊതുസമൂഹത്തിന്റെ മുമ്പിൽ ചോദ്യചിഹ്നമായി, സമചിത്തത യോടെ പരിഹരിക്കേണ്ട വിഷയമായി നിലകൊള്ളുന്നു.

ജലന്തർ വിഷയം ഏറ്റവും കൂടുതൽ ബാധിച്ചത് കേരള സഭയെയാണ്. സുമനസ്സുകളായ എല്ലാവരെയും വേദനിപ്പിച്ച സംഭവവികാസങ്ങളാണ് ഇവിടെയുണ്ടായത്. ഇത് നമുക്ക് ഒരു ആത്മപരിശോധനയ്ക്കുള്ള അവസരമാണ്. ഈ വിഷയത്തിൽ വിവിധ രീതികളിൽ ഇടപെട്ടവരും സഭാസംവിധാനങ്ങളും സ്വച്ഛവും സ്വതന്ത്രവുമായി കാര്യങ്ങൾ വിലയിരുത്തണം. പൊതുസമൂഹ ത്തിന്റെ മുന്നിൽ സഭ വീണ്ടും വീണ്ടും അപമാനിതയാക്ക പ്പെടുകയാണെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. തക്കം നോക്കി വിധ്വംസക ഗ്രൂപ്പുകൾ വിഷയം ആളിക്കത്തിക്കാനും ക്രൈസ്തവസഭയെ അടച്ച് അധിക്ഷേപിക്കാനും ഇടപെടുന്നു എന്നതും വളരെ ആശങ്കാജനകമാണ്. സത്യം പുറത്തുവരാൻ ഏവരും ജാഗ്രത പുലർത്തണം. മുൻവിധികളോടെയുള്ള അടച്ചാ ക്ഷേപിക്കലുകൾ അവസാനിപ്പിക്കണം. സഭയ്ക്കെതിരേ ഉയരുന്ന ആരോപണങ്ങളേയും അധിക്ഷേപിക്കലുകളേയും പ്രതിരോധി ക്കാനും നല്ല ക്രൈസ്തവ മാതൃകകളാകുവാനും സഭസംവിധാന ങ്ങളെയും സംഘടനകളെയും കൂടുതൽ ശക്തമാക്കാം.

പൗലോസ് അപ്പസ്തോലൻ തന്റെ ശിഷ്യനായ തിമോത്തി യോസിന് നല്കിയ ഉപദേശം ഇന്ന് വളരെ പ്രസക്തമാണ് “വചനം പ്രസംഗിക്കുക, സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തിക്കുക..... എല്ലാകാര്യ ങ്ങളിലും സമചിത്തത പാലിക്കുക; കഷ്ടതകൾ സഹിക്കുകയും

www.malankaralibrary.com

സുവിശേഷകന്റെ ജോലി ചെയ്യുകയും നിന്റെ ശുശ്രൂഷ നിർവഹിക്കുകയും ചെയ്യുക" (2 തിമോ4:2-5).

◆◆◆◆◆

www.malankaralibrary.com

17

# പ്രതിസന്ധികളെ അതിജീവിക്കാൻ ദൈവത്തിൽ ആശ്രയിക്കുക



റോമൻ സാമ്രാജ്യത്തിലെ പൗരന്മാരെ അപരിഷ്കൃതരെന്നു വിളിച്ച് പരിഹസിച്ച ആതൻസിലേക്ക് സുവിശേഷ പ്രഘോഷണത്തിനു പോയ പൗലോസ് അപ്പസ്തോലൻ നേരിട്ട പ്രതിസന്ധി ഏതു കാലഘട്ടത്തിലും കത്തോലിക്കാ സഭ അഭിമുഖീകരിക്കാറുണ്ട്. അപ്പസ്തോലന്മാരുടെ നടപടി പുസ്തകത്തിൽ (17:16-34) ഒരു പ്രേഷിതന്റെ ധർമ്മസങ്കടം നമുക്ക് വായിക്കാനാകും. ക്രിസ്തുവിന്റെ സന്ദേശം തിരസ്കരിക്കപ്പെട്ടതിൽ അപ്പസ്തോലൻ ഹതാശനായി. പ്രാർത്ഥനയുടെ നിമിഷങ്ങളിൽ അപ്പസ്തോലനു മറുപടി കിട്ടി: ദൈവത്തിന്റെ അനന്തമായ ശക്തിയിൽ ആശ്രയിക്കുക!

www.malankaralibrary.com

കേരളസഭയിൽ സംജാതമായിട്ടുള്ള ചില ആനുകാലിക സംഭവങ്ങളിൽ ഏറെ ഉത്ക്കണ്ഠപ്പെട്ട് നമ്മുടെ വിശ്വാസ ബോധ്യങ്ങളെ ദുർബ്ബലപ്പെടുത്തരുതെന്ന സന്ദേശമാണ് സഭയുടെ നാൾവഴികൾ ഇന്ന് സമ്മാനിക്കുന്നത്. ഏതൊരു കാലഘട്ടത്തിലും വിഭിന്നമായ പ്രശ്നങ്ങളെ സഭ അഭിമുഖീകരിച്ചിട്ടുണ്ട്. സഭാപിതാക്കന്മാരുടെ പൈതൃക സമ്പന്നതയും ദൈവജനത്തിന്റെ പ്രാർത്ഥനാതീക്ഷ്ണതയും വഴി എക്കാലത്തും അതെല്ലാം അതിജീവിക്കാനും സഭയ്ക്കു കഴിഞ്ഞിട്ടുണ്ട്. കാലികമായ ഏതു പ്രശ്നത്തെയും മാനുഷികമായി നമ്മുടെ തോളുകളിലല്ല സംവഹിക്കേണ്ടത്. പകരം, "എന്നും നമ്മോടുകൂടെ"യുള്ള യേശു ക്രിസ്തുവിന്റെ ശക്തിയിലാണ് നാം ശരണം വയ്ക്കേണ്ടത്. ഇന്ന്, സഭയിലെ അച്ചടക്കവും അധികാരികളോടുള്ള വിധേയത്വവും കെട്ടുറപ്പും നശിപ്പിച്ച് അരാജകത്വം വളർത്താനുള്ള ബോധപൂർവ്വകമായ ചില ശ്രമങ്ങൾ നടക്കുന്നുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്.

ജനാധിപത്യമൂല്യങ്ങളും മതസ്വാതന്ത്ര്യവും ഉറപ്പുവരുത്താൻ ബാധ്യതയുള്ള സർക്കാർ വിജ്ഞാനകൈരളി മാസികയിലൂടെ വിദ്യാർത്ഥികളിൽ മതവിരുദ്ധ ചിന്താഗതി വളർത്താൻ ശ്രമിച്ച് "മതമൂല്യങ്ങളെ നിരാകരിക്കുകയോ അപകീർത്തിപ്പെടുത്തുകയോ ചെയ്യാൻ ബോധപൂർവം ശ്രമിച്ചിട്ടില്ല"യെന്നു പറഞ്ഞ് മാസികയുടെ ചീഫ് എഡിറ്റർ ഖേദം പ്രകടിപ്പിച്ചുവെങ്കിലും ഇത്തരം സംഭവങ്ങൾ വേദനാജനകമാണ്. സുപ്രീംകോടതിയുടെ അടുത്തകാലത്തെ വിധികൾ (ഐപിസി 377-397) വിശ്വാസികളെയും പൊതുസമൂഹങ്ങളെയും വേദനിപ്പിക്കുകയും അമ്പരപ്പിക്കുകയും ചെയ്യുന്നു. വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും പൊതുസമൂഹത്തിലും ഉന്നതമായ ധാർമ്മിക നിലവാരം പ്രതീക്ഷിക്കുന്ന ഭാരതീയ സമൂഹത്തിന് "പ്രായപൂർത്തിയായവർ തമ്മിൽ ഉഭയസമ്മത പ്രകാരമുള്ള സ്വവർഗരതിയും, വിവാഹേതര ലൈംഗികബന്ധം കുറ്റകരമല്ലെന്ന" കോടതിവിധികൾ ഉയർത്തുന്ന ധാർമ്മിക പ്രശ്നങ്ങളും സാമൂഹികമായ പ്രത്യാഘാതങ്ങളും കണ്ടില്ലെന്ന് നടിക്കാനാവില്ല. ഒരു സമൂഹത്തിന്റെ കെട്ടുറപ്പ് അതിന്റെ ധാർമ്മികതയിലാണ് നിലകൊള്ളുന്നത്. ധാർമ്മികതയുടെ നടപ്പാക്കലാണ് നിയമങ്ങളിലൂടെ നിറവേറ്റേണ്ടത്.

www.malankaralibrary.com

ഇന്ന് ശബരിമലവിഷയത്തിൽ കേരളസമൂഹം വിഭജിക്കപ്പെട്ടിരിക്കുകയാണ്. ശബരിമല സംഘർഷാത്മകമാകുന്നത് ഒരുതരത്തിലും അഭിലഷണീയമല്ല. അവിടെ സമാധാന സാഹചര്യം സംജാതമാക്കാൻ കോടതിക്കും സർക്കാരിനും രാഷ്ട്രീയപാർട്ടികൾക്കും പൊതുസമൂഹത്തിനും കടമയുണ്ട്. വിശ്വാസങ്ങളും ആചാരങ്ങളുമെല്ലാം ആദർശവത്കരിക്കപ്പെടു കയും സംരക്ഷിക്കപ്പെടുകയും ഉദാത്തീകരിക്കപ്പെടുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ആചാരങ്ങളുടെ നിശേധമല്ല, പൂർത്തീകരണമാണ് നവോത്ഥാനം. നിയമത്തെയോ പ്രവാചക രെയോ ഇല്ലാതാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത് എന്നു പറഞ്ഞ യേശുവിന്റെ വചനം ഇന്ന് കൂടുതൽ പ്രസക്തമാണ്.

സന്ന്യാസജീവിതത്തെ പഴിക്കുന്നവർ, ഇന്നും അനാഥരെയും വൃദ്ധരെയും മരണാസന്നരെയും, എയ്ഡ്സ് രോഗികളെയും സാന്ത്വനിപ്പിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന പ്രേഷിതരെ കണ്ടില്ലെന്നു നടിക്കരുത്. അനുസരണത്തിൽ വലിയ സ്വാതന്ത്ര്യമുണ്ടെന്നും, ബ്രഹ്മചര്യത്തിൽ വലിയ ഫലപ്രാപ്തി യുണ്ടെന്നും, ദാരിദ്ര്യത്തിൽ വലിയ സമ്പന്നതയുണ്ടെന്നും സമർപ്പിതർ തങ്ങളുടെ ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തണം. ഫ്രാൻസ്സിസ് പാപ്പാ സൂചിപ്പിച്ചിട്ടുള്ളതു പോലെ, “സന്ന്യസ്തർ ആനന്ദത്തിന്റെ സാക്ഷികളാകണം”. അനേകരുടെ ജീവിതത്തിന് വെളിച്ചം പകരേണ്ട സന്ന്യസ്തർ വിളിയും ദൗത്യവും മറന്നാൽ രുചിയും ഗുണവും വിലയുമില്ലാത്തവരാകും. സന്ന്യസ്തർ തങ്ങളെത്തന്നെ പരിത്യജിച്ച് തങ്ങളുടെ കുരിശുമെടുത്ത് ഒഴുക്കി നെതിരേ നീങ്ങുവാനുള്ള സന്ന്യാസചൈതന്യവും ആത്മീയ ധീരതയും സ്വായത്തമാക്കണം. അതാണ് സന്ന്യാസത്തിലെ സ്വാതന്ത്ര്യം.

പൊതുസമൂഹത്തിൽ ദൈവജനത്തിന്റെ സാക്ഷ്യവും സാന്നിദ്ധ്യവുമാണ് ഇന്ന് ഏറെ ആവശ്യമായിട്ടുള്ളത്. നവമാധ്യമമായാലും, രാഷ്ട്രീയരംഗമായാലും ഒരു ക്രിസ്തീയ വിശ്വാസിയുടെ സാന്നിധ്യമെന്നത് ക്രിസ്തുദർശനത്തിന്റെ പ്രകാശനമായി പരിണമിക്കണം. തിന്മകളുടെ കുത്തൊഴുക്കിൽ, ക്രിസ്തീയ സാക്ഷ്യത്തിന്റെ പ്രകാശധാരകളുടെ പ്രവാഹം ദൈവിക ദൗത്യമാണെന്ന തിരിച്ചറിവ് നമ്മെ നയിക്കേണ്ടതുണ്ട്.

www.malankaralibrary.com

ഏതുമേഖലയിലും സ്നേഹസാക്ഷ്യമാകാൻ, സത്യത്തിന്റെ പ്രവാചകരാകാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ. ഈ ദൗത്യം നാം മറക്കുമ്പോൾ, നമ്മുടെ ജിവിതം ക്രിസ്തുവിനോടൊപ്പ മാണെന്ന് അവകാശപ്പെടാൻ നമുക്ക് കഴിയില്ല. വിവരസാങ്കേതിക രംഗത്തെ കുത്തൊഴുക്കിൽ വിശ്വാസത്തിന്റെ തീക്ഷ്ണത നഷ്ടപ്പെടാൻ നമ്മുടെ ജീവിതസാക്ഷ്യങ്ങൾ കാരണമാകരുത്. കണ്ടുവിശ്വസിക്കുന്ന തലമുറയാണ് ഇന്നുള്ളത്. അവരോട് 'വന്നു കാണുക'' എന്നു പറയാനുള്ള ആർജ്ജവം ദൈവത്തിൽ ശരണപ്പെട്ട് സ്വായത്തമാക്കാനാണ് നാം പരിശ്രമിക്കേണ്ടത്.

ഭരണഘടനാസ്ഥാപനങ്ങളെ നിർജ്ജീവമാക്കിയും, അമിത മായ പുരോഗമന ചിന്തകളെ താലോലിച്ചുമുള്ള രാഷ്ട്രീയ, ഭരണ നേതാക്കളുടെ ശൈലി തിരുത്തപ്പെടാനുള്ള നവ കാലഘട്ടസമീ പനങ്ങൾ നാം സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ നവമാധ്യമങ്ങൾ മാത്രമല്ല, നമ്മുടെ ലോകവും അവയ്ക്ക് പുറത്തും മനുഷ്യരുണ്ട്. ആതൻസിലെ മുഖ്യധാരയിൽപ്പെട്ടവർ പൗലോസ് അപ്പസ്തോ ലന്റെ സുവിശേഷപ്രഘോഷണത്തെ അധിക്ഷേപി ച്ചപ്പോൾ, അതേ പ്രേഷിതൻ അവിടെയുള്ള സാധാരണക്കാ രിലേക്ക് തിരിഞ്ഞത് ഓർമ്മിക്കുക. 'ഡിജിറ്റൽ ഡിവൈഡി'ന്റെ മുറിവുകളേറ്റ് പിടഞ്ഞു വീഴുന്ന സാധാരണക്കാരിലേക്ക് കണ്ണയയ്ക്കാൻ നമുക്ക് കഴിയണം. കാരണം, എന്നും ക്രിസ്തു പ്രാന്തവത്കരിക്കപ്പെട്ട ഇവരിൽ ഒരാളായിരുന്നു. അന്നും, ഇന്നും, എന്നും!

◆◆◆◆◆

www.malankaralibrary.com

18

# പാപ്പായും നവോത്ഥാന യാത്രകളും



പനാമയിലെ ആഗോള യുവജനസംഗമവേദിയിൽ ഫ്രാൻസിസ് പാപ്പായുടെ സന്ദർശനം അവിസ്മരണീയമായിരുന്നു. വിശ്വാസത്തിലും പ്രത്യാശയിലും മുന്നേറുവാനും സന്തോഷ ത്തോടെ സുവിശേഷത്തിന് സാക്ഷ്യംവഹിക്കാനുമാണ് പനാമയിൽ നടന്ന പതിനാലാമത് ലോക യുവജനദിനാഘോഷത്തിൽ യുവ ജനതയോട് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനംചെയ്തത്. വിശ്വാസത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശങ്ങളു യർത്തി 7 ലക്ഷത്തിൽപരം യുവജനങ്ങൾ ലോകത്തിന്റെ നാനാ

www.malankaralibrary.com

ഭാഗങ്ങളിൽനിന്നും ഒന്നിച്ചുകൂടി. യുവജനങ്ങളെ ശ്രവിക്കാൻ സഭ ഏറെ ശ്രമിക്കുന്നുണ്ടെന്നും അവർ വിശുദ്ധമായ ഒരു സംസ്കാരത്തിന്റെയും കൂട്ടായ്മയുടെയും ശില്പികൾ ആയിരിക്കണമെന്നും അവരാണ് ഈ സമൂഹത്തിന്റെ പ്രതീക്ഷ എന്നും പാപ്പാ തന്റെ സന്ദേശത്തിൽ ഊന്നിപ്പറഞ്ഞു. ഇത്തരത്തിൽ കേരളസഭയും യുവജനങ്ങളെ ഗൗരവമായി പരിഗണിക്കുകയും അവരെ മുഖ്യധാരയിലേക്ക് നയിച്ച് സഭയെ ശക്തിപ്പെടുത്താൻ പരിശ്രമിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

'ദൈവമേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമാക്കണമേ' എന്ന വി. ഫ്രാൻസിസ് അസ്സീസ്സിയുടെ വിശ്വോത്തരപ്രാർത്ഥന ആപ്തവാക്യമാക്കിയാണ് മതസൗഹാർദ്ദത്തിന്റെയും മാനവികതയുടെയും കാഹളദൂതുമായി കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ അബുദാബിയിൽ വന്നിറങ്ങിയത്. അബുദാബി കിരീടാവകാശി ഷെയ്ഖ് മുഹമ്മദ് ബിൻസായിദിന്റെ പ്രത്യേകക്ഷണ പ്രകാരമാണ് മാനവസാഹോദര്യ സമ്മേളനത്തിൽ പങ്കെടുക്കാൻ മൂന്നു ദിവസത്തെ സന്ദർശനത്തിന് എത്തിയത്. അറബ് ലോകത്ത് ആദ്യമായി കാലുകുത്തിയ പാപ്പ എന്ന ഖ്യാതിയും ഫ്രാൻസിസ് പാപ്പാ സ്വന്തമാക്കി. എല്ലാ കീഴ്വഴക്കങ്ങളെയും മാറ്റിമറിച്ചുകൊണ്ട് അതിഗംഭീരമായ സ്വീകരണമാണ് പത്രോസിന്റെ പിൻഗാമിക്ക് യു.എ.ഇയിൽ ലഭിച്ചത്. സ്വീകരണച്ചടങ്ങിലും ദിവ്യബലിയിലും പങ്കെടുക്കുന്നവർക്ക് അവധിയും ഫ്രീയായി യാത്രാസൗകര്യവും ഒരുക്കിയതിലൂടെ ക്രൈസ്തവ വിശ്വാസികളെ മാത്രമല്ല മുഴുവൻ അറബ് ലോകത്തെയും അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുക തന്നെ ചെയ്തു ഈ യു.എ.ഇ. ഭരണകൂടം. മനുഷ്യഹൃദയങ്ങളിൽ സ്നേഹവും സമാധാനവും ആശ്വാസവും പ്രത്യാശയും പകരുന്നതായിരുന്നു പാപ്പായുടെ സന്ദർശനം. മതത്തിന്റെ പേരിലുള്ള വിദ്വേഷവും അക്രമങ്ങളും ഒരു തരത്തിലും ന്യായീകരിക്കാനാവില്ലെന്നും പരസ്പരം സ്നേഹിക്കുവാനും ബഹുമാനിക്കുവാനും തയ്യാറാകു മ്പോൾ വിദ്വേഷത്തിനും ആക്രമണങ്ങൾക്കും ഇടം കിട്ടാതെയാ കുമെന്നും പാവങ്ങളെ സഹായിക്കുന്നതിലൂടെ ദൈവത്തിന്റെ സ്വരം ശ്രവിക്കുവാൻ കഴിയുമെന്നും അബുദാബിയിലെ മതാന്തര സമ്മേളനത്തിൽ

www.malankaralibrary.com

അദ്ദേഹം ഓർമിപ്പിച്ചു. വിശ്വാസങ്ങളുടെ പേരിൽ ഭിന്നിപ്പുകൾ സൃഷ്ടിക്കാനും മതിലുകൾ ഉയർത്താനും വെമ്പൽ കൊള്ളുന്ന ഈ ലോകത്തിൽ ഹൃദയവിശാലതയുടെയും സാഹോദര്യ ത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും നവ്യപാഠങ്ങൾ തീർത്ത ഈ സന്ദർശനത്തിന്റെ അലയടികൾ ലോകമെമ്പാടും വ്യാപിക്കട്ടെ എന്നു പ്രത്യാശിക്കാം.

ഇതിനിടെ ബാലപീഡനവിഷയത്തിന് സഭയിൽ ശാശ്വത പരിഹാരം കാണാനായി മാർപാപ്പ റോമിൽ വിളിച്ചു ചേർത്ത അന്താരാഷ്ട്ര സമ്മേളനം ലോകത്തിനു തന്നെ അതിശയ മായിരിക്കുകയാണ്. ലോകത്തിലെ ഏറ്റവും വലിയ ധാർമികശക്തി ഇത്തരമൊരുവിഷയത്തിൽ ആത്മവിമർശനപരമായി എടുക്കുന്ന ഈ നിലപാട് പിന്തുടരാതിരിക്കാൻ ലോകത്തിൽ ഒരു പ്രസ്ഥാന ത്തിനും സമൂഹത്തിനും കുടുംബത്തിനും വ്യക്തിക്കും ഇനി ആവില്ലല്ലോ! തിന്മയോട് സന്ധിയില്ലാസമരം ചെയ്യാൻ ലോകത്തെ നിർബന്ധിക്കുകയാണ് സഭ.

നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കാനും കേരളം വീണ്ടും ഭ്രാന്താലയമാകാതിരിക്കാനും എന്ന പേരിൽ മതിലുകൾ തീർക്കുകയും 'മോചന യാത്രകൾ' നടത്തി അണികളുടെ ഇടയിൽ പുകമറ സൃഷ്ടിക്കുകയും ചെയ്യുന്ന രാഷ്ട്രീയ തന്ത്രങ്ങൾ ഇവിടെ വിലപ്പോകില്ല എന്ന് നമ്മുടെ രാഷ്ട്രീയ സംഘടനകൾ ഇനിയും മനസ്സിലാക്കിയിട്ടില്ല. 16-ാം നൂറ്റാണ്ടുമുതൽതന്നെ വിദ്യാഭ്യാസ ത്തിലൂടെ ജനതയെ നവോത്ഥാനത്തിലേക്ക് നയിച്ച, ദുരാചാരങ്ങ ൾക്കെതിരേ ശക്തമായ നിലപാടുകൾ സ്വീകരിച്ച, അച്ചടിയിലൂടെ അറിവിലേക്ക് തേർതെളിച്ച മഹാരഥൻമാരായ മിഷണറി മാരെയെല്ലാം തമസ്കരിച്ചു കൊണ്ടാണ് 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിലും ജീവിച്ചിരുന്നവരെമാത്രം നായകരാക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഉദയംപേരൂർ സൂനഹദോസും പോർട്ടുഗീസ് മിഷണറിമാരും അർണോസ് പാതിരിയെപ്പോലുള്ള ഭാഷാനിപുണരും ബെച്ചിനെല്ലി പിതാവും ചാവറയച്ചനും എന്നുവേണ്ട തദ്ദേശീയരും വിദേശീയരുമായ നിരവധി ആളുകൾ ഈ മുന്നേറ്റങ്ങളിലൊക്കെ മുമ്പേ നടന്നവരാണ്. സത്യത്തെ തമസ് കരിച്ച്, ഭാഗിക ശരികൾക്കും അസത്യങ്ങൾക്കുംവേണ്ടി വാർത്തകൾ

www.malankaralibrary.com

സൃഷ്ടിക്കുന്നവർക്കെതിരേ നിതാന്തജാഗ്രത നമുക്കാവശ്യമാണ്.

കേരള സഭ ഇന്ന് അനേകം വെല്ലുവിളികൾ അഭിമുഖീകരിക്കുന്നുണ്ട്. ചർച്ച്ആക്ട് നടപ്പിൽ വരുത്താൻ നടത്തുന്ന കുത്സിതശ്രമങ്ങളെ കണ്ടില്ലെന്ന് നടിക്കാൻ നമുക്കാകില്ല. അവകാശ സംരക്ഷണം എന്ന വ്യാജേന വിശ്വാസികളെ ചിതറിക്കാനുതകുന്ന ചർച്ചകളും തീരുമാനങ്ങളും നടപ്പിൽ വരുത്താൻ വെമ്പൽകൊള്ളുകയാണ് ഭരണാധികാരികൾ. ക്രൈസ്തവസഭകളിൽ അരാജകത്വവും ഏകാധിപത്യവും ആണെന്നും അതിനെ എതിർക്കണ മെന്നുമാണ് ഈ ആക്ടിൽ പറയാൻ ശ്രമിക്കുന്നത്. ഇത്തരം വിധ്വംസക പ്രവർത്തനങ്ങളിൽനിന്ന് അധികാരികൾ പിന്മാറിയേപറ്റൂ.

ജമ്മുകാശ്മീരിലെ പുൽവാമയിൽ നമ്മുടെ രാജ്യത്തിനുവേണ്ടി വീരമൃത്യു വരിച്ച ജവാന്മാർക്ക് ആദാരാഞ്ജലികൾ അർപ്പിക്കുന്നതിനോടൊപ്പം രാജ്യത്തെ മുറിവേല്പിച്ചുകൊണ്ടിരിക്കുന്ന ഭീകരവാദത്തെ ഇല്ലായ്മ ചെയ്യുവാൻ നാം ഒറ്റക്കെട്ടായി പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം.

◆◆◆◆◆

www.malankaralibrary.com

19

# പുനരുത്ഥാനത്തിന്റെ സന്ദേശവാഹകരാകാം



അനുരഞ്ജനത്തിന്റെ ചൈതന്യം ഉൾക്കൊള്ളുന്ന ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ദാനധർമ്മത്തിന്റെയും നോമ്പുകാലം പൂർത്തിയാകുകയാണ്. ഉയിർപ്പിന്റെ പ്രത്യാശയിലേക്ക് നാം പ്രവേശിക്കുകയാണ്. ജീവിത പ്രതിസന്ധികളുടെ കണ്ണുകളിലേക്കു നോക്കാനുള്ള ധൈര്യമാണല്ലോ ഉത്ഥിതനായ യേശു പ്രദാനം ചെയ്യുന്നത്. നിരാശയുടെയും തർക്കങ്ങളുടെയും എമ്മാവൂസ് യാത്രകളെ വഴിതിരിച്ചുവിടാൻ കെല്പുള്ള ഉത്ഥിതനെ തിരിച്ചറിയുകയും പുനരുത്ഥാനത്തിന്റെ സന്ദേശവാഹകരാവുകയും ചെയ്യാം. ജീവിതത്തിൽ എല്ലാ മണ്ഡലങ്ങളിലും സമാധാനത്തിന്റെയും പരസ്പര അനുരഞ്ജനത്തിന്റെയും പ്രത്യാശയുടെയും കിരണങ്ങൾ പരത്തുവാനുള്ള ക്ഷണവും ഉത്തരവാദിത്വവും നാം ഏറ്റെടുക്കേണ്ടതുണ്ട്. ഏവർക്കും പ്രത്യാശപൂരിതമായ ഉയിർപ്പു

www.malankaralibrary.com

തിരുനാൾ മംഗളങ്ങൾ!

മാർച്ച് 25-ന് "ക്രിസ്തൂസ് വീവിത്ത്" (ChristusVivit) അതായത്, 'ക്രിസ്തു ജീവിക്കുന്നു' എന്ന സിനഡാനന്തര അപ്പസ്തോലികോപദേശത്തിൽ പാപ്പാ ഒപ്പുവച്ചു. 2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ "യുവജനവും വിശ്വാസവും ദൈവവിളി തിരിച്ചറിയലും"എന്ന വിഷയത്തെ അധികരിച്ചു സംഘടിപ്പിക്കപ്പെട്ട മെത്രാന്മാരുടെ സിനഡുസമ്മേളനത്തിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങളും നിർദേശങ്ങളും ആശയങ്ങളുമെല്ലാം ഇഴകോർത്ത് പാപ്പാ തയ്യാറാക്കിയിരിക്കുന്നതാണ് ഈ സിനഡാനന്തര അപ്പസ്തോലികോ പദേശം. ഇത് യേശുവിന്റെ നീതിബോധവും ധീരതയും പക്ഷംചേരലുകളും കാരുണ്യവും കണ്ടെത്തുവാൻ യുവജനങ്ങളെ ഉത്തേജിപ്പിക്കുമെന്നു പ്രത്യാശിക്കാം.

ജനാധിപത്യ ഇന്ത്യയുടെ ഭാവിയെ സംബന്ധി ച്ചിടത്തോളം ആസന്നമായ 17-ാം ലോകസഭാ തിരഞ്ഞോടുപ്പ്, സുപ്രധാനവും നിർണായകവുമാണ്. ജനാധിപത്യവും ഭരണഘടനയും ഇന്ന് വലിയ വെല്ലുവിളി നേരിടുകയാണ്. മതേതരത്വവും ജനാധിപത്യവും കൈവിട്ടു പോകാതി രിക്കാനുള്ള ജാഗ്രതയായി ഈ വോട്ടെടുപ്പു മാറണം. ജനങ്ങളാണ് ജനാധിപത്യം സംരക്ഷിക്കേണ്ടവർ.ജനാധിപത്യ മൂല്യങ്ങളും ഭരണഘടന വിഭാവനം ചെയ്യുന്ന സ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടാൻ ഉത്തരവാദിത്വമുള്ള ഭരണാധികാരികളെ അണിനിരത്താൻ നമ്മുടെ സമ്മതിദാനാവകാശം വിനിയോ ഗിക്കാം.

ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ ആരാധനാ സ്വാതന്ത്ര്യത്തിലും വിദ്യാഭ്യാസ അവകാശങ്ങളിലും നിയന്ത്രണം ഏർപ്പെടുത്തുന്നതിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും മത്സരിക്കുകയാണ്. സംസ്ഥാന നിയമപരിഷ്കരണ കമ്മീഷൻ തയ്യാറാക്കിയ കേരളചർച്ച് (പ്രോപ്പർട്ടീസ് അന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ 2019 സഭാവിരുദ്ധവും സഭാസമൂഹത്തെ ഭിന്നിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗവുമാണെന്നു തിരിച്ചറിഞ്ഞ് അവസരോ ചിതവും ക്രിയാത്മകവുമായി പ്രതികരിക്കുവാൻ ക്രൈസ്തവസമൂഹത്തിന് സാധിച്ചു. ഈ രാജ്യത്തുള്ള എല്ലാ നിയമങ്ങൾക്കും വിധേയമായാണ് സഭയുടെ സമ്പത്തു വിനിയോഗവും പ്രവർത്തനങ്ങളും മുന്നോട്ടു

www.malankaralibrary.com

പോകുന്നത്. ക്രൈസ്തവ സ്ഥാപനങ്ങളെ മാത്രം ലക്ഷ്യം വച്ചുള്ള ഈ ബില്ല് നിരുപാധികം പിൻവലിച്ച് ക്രൈസ്തവ സഭകളുടെ ആശങ്കകൾ ദൂരീകരിക്കണം.

മതാത്മകതയും ആത്മീയാനുഭവവുമാണ് കേരള ത്തിലെ നവോത്ഥാന അന്തരീക്ഷത്തെ രൂപ പ്പെടുത്തിയത്. സമകാലിക നവോത്ഥാന ചർച്ചകൾ ഉപരിപ്ലവതയണിഞ്ഞിരിക്കുന്നത് കഷ്ട മാണ്. കൂടുതൽ സത്യസന്ധവും സമഗ്രവുമായ കാഴ്ചപ്പാടുകളാണ് വേണ്ടത്. ജാതി വ്യവസ്ഥയുടെ ദൂഷ്യഫലങ്ങൾക്കെതിരേ "വ്യക്തി" എന്ന ക്രൈസ്തവസങ്കല്പം നിലകൊണ്ടപ്പോഴാണ് നവോത്ഥാന ത്തിന്റെ അടിത്തറപാകപ്പെട്ടതെന്നും അതിനുവേണ്ടി അധ്വാനിച്ചത് ക്രൈസ്തവ മിഷനറി മാരാണെന്നുമുള്ള സത്യത്തെ എത്ര തമസ്കരിക്കാൻ ശ്രമിച്ചാലും അതു വിജയിക്കില്ല.

കുട്ടികൾക്കെതിരേയുള്ള കുറ്റകൃത്യങ്ങൾ നമ്മുടെ നാട്ടിൽ പെരുകിവരുകയാണ്. തൊടുപുഴയിൽ അമ്മയുടെ കാമുകന്റെ ക്രൂരമ ർദ്ദനമേറ്റ് മരണമടഞ്ഞ ഏഴുവയസ്സുകാരന്റെ ഓർമ്മ ഓരോ മലയാ ളിയെയും എന്നും വേദനിപ്പിക്കും. ഇത്തരം സംഭവങ്ങൾ ഒഴിവാ ക്കാൻ ശക്തമായ നടപടികൾ ആവശ്യമാണ്. കേന്ദ്രസർക്കാർ കൊണ്ടുവന്ന ജൂവനൈൽ ജസ്റ്റിസ് ആക്ട് (J.J. Act) എന്ന നിയമം കേരളത്തിന്റെ സാഹചര്യം പരിഗണിക്കാതെ, സ്ഥാപനങ്ങളുടെ നടത്തിപ്പുതന്നെ തടസ്സപ്പെടുന്ന രീതിയിൽ നടപ്പിലാക്കി യതിലൂടെ ആയിരക്കണക്കിനു ബാല്യങ്ങളെ സർക്കാർ പെരുവഴിയിലാക്കി യിരിക്കുകയാണ്. കുട്ടികളുടെ അവകാശസംരക്ഷണം സമൂഹ ത്തിന്റെ പൊതുവായ ആവശ്യമാണ്, കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ എല്ലാവർക്കും കടമയുണ്ട്.

കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക രംഗങ്ങ ളിൽ തനതായ സംഭാവന നല്കിയ കെ.എം. മാണിസാറിന്റെ നിര്യാ ണത്തിൽ കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

◆◆◆◆◆

www.malankaralibrary.com

20

## എല്ലാവരെയും ഉൾക്കൊണ്ടു മുന്നേറാം



ഓരോ തെരഞ്ഞെടുപ്പും ജനാധിപത്യബോധത്തെ പരിപോഷിപ്പിക്കേണ്ടതാണ്. ജനവിധി മാനിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ടവർ രാഷ്ട്രീയത്തിന് അതീതമായി ജനക്ഷേമത്തിന്റെ പാതയിലേക്ക് തിരിച്ചുവരുമെന്ന് പ്രത്യാശിക്കാം. ബി.ജെ.പി. പാർലമെന്ററി പാർട്ടിയോഗത്തിൽ ഇന്ത്യൻ ഭരണഘടനയ്ക്കു മുമ്പിൽ നമ്രശിരസ്കനായി നിന്ന പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി അതിനോടു പൂർണ്ണമായ വിധേയത്വം പുലർത്തുമെന്നു പ്രതിജ്ഞ ചെയ്തു. ഇന്നത്തെ സാഹചര്യത്തിൽ ഭരണഘടനയോട് അദ്ദേഹം പ്രകടിപ്പിച്ച ആദരവ് പ്രാധാന്യ മർഹിക്കുന്നു. "*സബ്കെ സാഥ്, സബ് കാ വികാസ്, സബ്കാ വിശ്വാസ്* " എന്നിവയ്ക്കായി പൊതുജനസേവനത്തിന്റെയും സാമൂഹ്യ സുരക്ഷയുടെയും

www.malankaralibrary.com

സമഗ്രവീക്ഷണ ത്തിന്റെയും അന്തഃസത്ത ഉൾക്കൊള്ളുവാനാണ് എൻ.ഡി.എ. എം.പി.മാരോട് അദ്ദേഹം ആഹ്വാനം ചെയ്തത്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള പുതിയ കേന്ദ്രമ ന്ത്രിസഭ ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തെ കൂടുതൽ കരുത്തുറ്റതാക്കുമെന്നു പ്രത്യാശിക്കാം. ഈ മന്ത്രിസഭയ്ക്ക് ശക്തമായ ജനാഭിമുഖ്യമുള്ളൊരു ഭരണം കാഴ്ചവയ്ക്കാനും ന്യൂന പക്ഷങ്ങൾക്കും ദരിദ്രർക്കും പിന്നോക്ക-ദളിത് സമൂഹങ്ങ ൾക്കും എല്ലാ സംരക്ഷണവും ഉറപ്പാക്കുവാനും കഴിയട്ടെയെന്നു പ്രാർ ത്ഥിക്കാം.

കേരളത്തിൽ കഴിഞ്ഞ പാർലമെന്ററി തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് നേടിയ അപ്രതീക്ഷിതവിജയം മതേതര ജനാധിപത്യ കാഴ്ചപ്പാടിനെ കേരളജനത എത്രമാത്രം മാനിക്കുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണ്. പക്ഷെ കേന്ദ്രത്തിൽ കോൺഗ്രസ് സഖ്യ കക്ഷികൾക്ക് ഏറ്റ കനത്ത പരാജയത്തിൽ നിന്ന് പാഠങ്ങൾ ഉൾ ക്കൊള്ളാൻ യു.പി.എക്ക് കഴിയണം. കേരളത്തിൽ ഇടതുമുന്നണി ജനഹിതം മനസ്സിലാക്കി ഭരിക്കുന്നതിൽ വേണ്ടത്ര വിജയിച്ചിട്ടി ല്ലായെന്നു ഈ തെരഞ്ഞെടുപ്പിലൂടെ വ്യക്തമാകുന്നു. പ്രളയബാ ധിതർക്ക് ആശ്വാസമേകുന്ന നവകേരളനിർമ്മിതി വേണ്ടത്ര വേഗത്തിൽ ആവിഷ്ക്കരിക്കുന്നതിലും വിശ്വാസികളുടെ ആചാരാനുഷ്ഠാനങ്ങൾക്ക് വേണ്ട വിലകല്പിക്കുന്നതിലും കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യംവച്ചുകൊണ്ട് കേന്ദ്രസർ ക്കാരിന്റെ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും അക്രമരാഷ്ട്രീയത്തിനറുതി വരുത്തുന്നതിലും മറ്റും കേരള സർക്കാർ ഇനിയും കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസമേഖല ഉടച്ചുവാർക്കാനുള്ള നീക്കത്തിലാണ് കേരള, കേന്ദ്രസർക്കാരുകൾ. സംസ്ഥാനത്തെ പൊതു വിദ്യാഭ്യാ സമേഖലയുടെ ഗുണനിലവാരം തകർക്കാൻ സാധ്യതയുള്ള ഹയർ സെക്കൻഡറി ഏകീകരണ തീരുമാനം സർക്കാർ പുനഃപരി ശോധിക്കണം. നിയമനഅംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ പ്രശ്നങ്ങൾ, ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശങ്ങൾ നിഷേധി ക്കുന്ന കെ.ഇ.ആർ ഭേദഗതികൾ തുടങ്ങിയ വിഷയങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ നീതീകരിക്കാവുന്നതല്ല.

www.malankaralibrary.com

കേന്ദ്രസർക്കാർ നിയോഗിച്ച ഡോ. കസ്തൂരിരംഗൻ സമിതി സമർപ്പിച്ച ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് റിപ്പോർട്ടി നെകുറിച്ച് പൊതുജനാഭിപ്രായം അറിയിക്കാനുള്ള സമയം ജൂൺ 30 വരെ നല്കിയിരിക്കുകയാണ്. റിപ്പോർട്ടിലെ പല നിർദ്ദേശ ങ്ങൾക്കും ശിപാർശകൾക്കുമെതിരേ വിമർശനങ്ങൾ ഉയർന്നു വരുകയാണ്.

സംസ്ഥാനത്തു വർദ്ധിച്ചുവരുന്ന സ്വർണം-മയക്കുമരുന്ന് കള്ളക്കടത്ത് ആശങ്കകളുണ്ടാക്കുന്നു. രാജ്യത്തെ ലഹരി മരുന്ന് ഉപയോഗം ഏറ്റവും കൂടുതലുള്ള രണ്ടാമത്തെ നഗരമായി കൊച്ചി മാറിയിരിക്കുകയാണ്. നമ്മുടെ ഭാവിതലമുറ ലഹരിയുടെയും തീവ്രവാദത്തിന്റെയും പിടിയിലേക്ക് വഴുതി വീഴുകയാണോ എന്നു ആശങ്കപ്പെടാൻ സമയമായിരിക്കുന്നു.

മതത്തിന്റെയും മാനവികതയുടെയും യഥാർത്ഥ ചൈതന്യം ഉൾക്കൊള്ളാതെ മനുഷ്യജീവനെതിരേയുള്ള അക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിലെ ദേവാല യങ്ങളിലും ഹോട്ടലുകളിലും ഉണ്ടായ മനുഷ്യ ക്കുരുതി ലോകമനഃ സാക്ഷിയെ ഞെട്ടിക്കുന്നതാണ്. ഈ ഭീകരസംഭവത്തിനു കേരളവു മായി അടുത്ത ബന്ധവുമുണ്ടെന്ന വാർത്തകൾ വളരെയേറെ അശങ്ക യുളവാക്കുന്ന വസ്തുതയാണ്.

ജൂൺ 4,5 തീയതികളിൽ നടന്ന കെസിബിസി വർഷകാല സമ്മേളനം വർദ്ധിച്ചുവരുന്ന തീവ്രവാദ പ്രവണതകളെക്കുറിച്ചു ആശങ്കരേഖപ്പെടുത്തി. ഒക്ടോബർ മാസത്തിലെ മിഷണറി മാസാചാരണം, എറണാകുളം-അങ്കമാലി അതിരൂപതയിലുണ്ടായ വ്യാജരേഖവിവാദം, കേരളകാത്തലിക് മീഡിയേഷൻ ഫോറത്തിന്റെ പ്രവർത്തനങ്ങൾ, ഓഖി-പ്രളയ പുനരധിവാസ മേഖലയിൽ കെസിബിസിയുടെ പ്രവർത്തനങ്ങളിലെ പുരോഗതി, യോഗയെ ക്കുറിച്ചുള്ള സഭയുടെ കാഴ്ചപ്പാട് എന്നിവചർച്ച ചെയ്യുകയും ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

സഭാമക്കൾ തന്നെ സഭയെ വേദനിപ്പിക്കത്തക്കവിധം തിന്മയുടെ ശക്തി പ്രബലപ്പെടുകയാണ്. സഭയിലെ പ്രതിസന്ധി കൾ പക്വതയോടെ കൈകാര്യം ചെയ്യുന്നതിനു പകരം ഉതപ്പിനു കാരണമാകുന്ന തരത്തിൽ പൊതുമണ്ഡലങ്ങളിൽ ചർച്ചയാകു

www.malankaralibrary.com

ന്നതിൽ വിശ്വാസീസമൂഹം ദുഃഖിതരാണ്. "വ്യാജമായ വാർത്തകൾ മെനഞ്ഞുണ്ടാക്കുക എന്നത്, സത്യാവബോധം നഷ്ടപ്പെട്ടവരുടെ പ്രത്യേക താത്പര്യങ്ങ ൾക്കായി വസ്തുതകളെ വളച്ചൊടിക്കുന്ന സംസ്കാരത്തിന്റെ ദുഷ്പ്രവണതയാണ്. വ്യക്തികളുടെ സൽപേര് ഓൺലൈനിലൂടെ നടക്കുന്ന വിചാരണവഴി അപകടത്തി ലാക്കുന്നു. ഈ പ്രവണതയിൽനിന്നും സഭയും സഭയുടെ അജപാലകരും ഒഴിവാക്കപ്പെട്ടിട്ടില്ല" എന്ന് ഫ്രാൻസിസ് പാപ്പ *"ക്രിസ്തു ജീവിക്കുന്നു"* എന്ന പ്രമാണരേഖയുടെ 89-ാം ഖണ്ഡികയിൽ പ്രതിപാദിക്കുന്നു (Christus Vivit, No. 89). സഭയിൽ വിഭാഗീയതയുടേതല്ല, കൂട്ടായ്മയുടെ സത്യമാണ് നിലനില്ക്കേണ്ടതും പരിപോഷിപ്പിക്കേണ്ടതും. സ്നേഹ ത്തിന്റെയും ഐക്യത്തിന്റെയും അനുരഞ്ജനത്തി ന്റെയും അരൂപി സഭയിൽ വളരണം. ലോകത്തിന്റെ ചിന്തകളിൽ നിന്ന് അകന്നുമാറി ഹൃദയത്തിന്റെ നിശ്ശബ്ദതയിൽ ദൈവത്തെ കണ്ടെത്താം. ഏറ്റവും മഹത്തായ യാത്ര അവനവന്റെ ഉള്ളിലേക്കുള്ള യാത്രയാണ്. ഈ യാത്രയിൽ ഉന്നതത്തിൽ നിന്നുള്ള ശക്തിയാൽ നിറയുന്നവരാ കാൻ തീക്ഷ്ണമായി പ്രാർത്ഥിക്കാം.

◆◆◆◆◆

www.malankaralibrary.com

21

# കേരളസഭയുടെ പ്രേഷിത ചൈതന്യം വീണ്ടെടുക്കാം



2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിത മാസമായി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. മാമ്മോദീസ സ്വീകരിച്ച എല്ലാ വിശ്വാസികളും മിഷനറി മാരാണെന്നും അവർക്ക് ഒരു പ്രേഷിതമാനസാന്തരം അനിവാര്യ മാണെന്നും പാപ്പ ഉദ്ബോധിപ്പിക്കുന്നു. കേരളസഭയുടെ പ്രേഷിത ചൈതന്യവും സമർപ്പണവും വീണ്ടെടുക്കേണ്ടതും നവീകരിക്കേ ണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്.

ക്രൈസ്തവ സന്ന്യാസത്തെ അപകീർത്തിപ്പെടുത്താ നുള്ള ആസൂത്രിത നീക്കത്തെ ക്രൈസ്തവസഭയും പൊതുസ മൂഹവും തിരിച്ചറിയുകയും ക്രിയാത്മകമായി പ്രതികരിക്കുകയും വേണം. സന്ന്യാസിനികളുടെ ആത്മാഭിമാനത്തെയും സ്ത്രീത്വ

www.malankaralibrary.com

ത്തെയും വ്രണപ്പെടുത്തുന്ന ശൈലികളും ആരോപണങ്ങളും നവമാധ്യമങ്ങളും ചാനൽചർച്ചകളും മുഖ്യധാരമാധ്യമങ്ങളും അവലംബിക്കുന്നത് തീർത്തും അപലപനീയമാണ്. ക്രൈസ്തവ സഭയുടെ കരുത്തും അഭിമാന വുമായ സന്ന്യാസത്തെയും പൗരോഹിത്യത്തെയും അവഹേളിക്കുംവിധം പരിഹാസപാത്ര മാക്കി ചിത്രീകരിച്ച് ക്രൈസ്തവ സമൂഹത്തെ പൊതുസമൂഹ ത്തിൽ ഇകഴ്ത്തിക്കാട്ടാൻ ശ്രമിക്കുന്ന ചില തല്പരകക്ഷികൾ ഉണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

സഭയെ സംബന്ധിച്ച് വ്യാജവാർത്തകൾ പ്രചരിപ്പിക്കരു തെന്ന് മാധ്യമങ്ങളോടു സീറോ മലബാർ സഭാ സിനഡിന് അഭ്യർത്ഥിക്കേണ്ടിവന്നതും കണ്ണൂർ മാതൃഭൂമി ഓഫീസിനു മുമ്പിൽ നൂറുക്കണക്കിനു സന്ന്യാസിനികൾ നീതിപൂർവ്വകമായ മാധ്യമ പ്രവർത്തനത്തിനുവേണ്ടി പ്രധിഷേധധർണ നടത്തേണ്ടിവന്നതും മാനന്തവാടിയിൽ സന്ന്യസ്ത-അല്മായ കൂട്ടായ്മ സംഘടിപ്പി ക്കേണ്ടിവന്നതും ഈ പശ്ചാത്തലത്തിലാണ്. മാധ്യമങ്ങളുടെ ഇത്തരത്തിലുള്ള നിലവാര തകർച്ചയുടെ പേരിൽ കേരള ഹൈ ക്കോടതിയിൽ ഇന്നും മാധ്യമങ്ങൾക്ക് നിയന്ത്രണങ്ങൾ നിലനി ല്ക്കുന്നു. മാധ്യമങ്ങളുടെ വിശ്വാസ്യത ഇന്ന് മറ്റൊരു കാലഘട്ടത്തി ലുമില്ലാത്തതുപോലെ ചോദ്യം ചെയ്യപ്പെടുകയാണ്. ഉത്തരവാദി ത്വപൂർണമായ മാധ്യമ പ്രവർത്തനമാണ് ഏതു ജനാധിപത്യ സമൂഹവും ആഗ്രഹിക്കുന്നത്. വ്യക്തികളെയും സന്ന്യാസ സമൂഹ ങ്ങളെയും സഭയെയും തേജോവധം ചെയ്യുന്ന മാധ്യമശൈലി തിരുത്തേണ്ടതുണ്ട്.

ക്രൈസ്തവസഭയെയും സന്ന്യാസത്തെയും അപകീർത്തി പ്പെടുത്തുന്ന രീതിയിലുള്ള ആസൂത്രിത നീക്കത്തിനെതിരേ ക്രിയാ ത്മകമായി പ്രതികരിക്കാൻ ക്രൈസ്തവ അല്മായ സംഘടനയായ കേരള കാത്തലിക് ഫെഡറേഷനും (KCF) കേരളത്തിലെ സന്ന്യാസ സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സും (KCMS) എടുത്ത തീരുമാനത്തെ കെസിബിസി ഐക്യജാഗ്രതകമ്മീഷൻ സ്വാഗതം ചെയ്യുകയും അവരെ പിന്തുണ അറിയിക്കുകയും ചെയ്യുന്നു.ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പെൺ കുട്ടികൾക്ക് സുരക്ഷിതത്വമില്ലെന്നും മതപരിവർത്തനം

www.malankaralibrary.com

നടത്തുന്നുവെന്ന ആരോപണം ഉണ്ടെന്നും യാതൊരു തെളിവുകളുടെയും പിൻബലമില്ലാതെയാണ് മദ്രാസ് ഹൈക്കോ ടതി ജഡ്ജി എസ് വൈദ്യനാഥൻ വിധിപ്രസ്താ വനയിൽ എഴുതി ച്ചേർത്തത്. തീർത്തും നിരുത്തരവാദപരവും അസ്ഥാനത്തുള്ളതും വർഗീയപരവുമായ ഈ പരാമർശം വിവിധതലങ്ങളിൽ നിന്നുള്ള ശക്തമായ പ്രതിഷേധത്തെ തുടർന്ന് പിന്നീട് അദ്ദേഹം പിൻവലിച്ചെങ്കിലും ഇന്ത്യയുടെ നീതിന്യായപീഠത്തിനും ഉന്നതമായ മൂല്യങ്ങൾക്കും ഏറ്റ കനത്ത ആഘാതമാണിത് എന്നു പറയാതെ വയ്യാ.

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന ന്യൂനപക്ഷക്ഷേമപദ്ധതികളിൽ ക്രൈസ്തവർ അവഗണിക്കപ്പെടുന്നത് ചർച്ചാവിഷയമായിരിക്കുകയാണ്. ക്രൈസ്തവരുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയമിക്കുകയും ക്രൈസ്തവർക്കു പ്രത്യേകമായി ക്ഷേമപദ്ധതികൾ നടപ്പാക്കാൻ അധികൃതർ സന്നദ്ധരാവുകയും വേണം.

പ്രണയം നടിച്ച് ഇതര മതത്തിലെ പെൺകുട്ടികളെ ചതിക്കുകയും മതംമാറ്റത്തിന് നിർബന്ധിക്കുകയും ചെയ്യുന്ന വരെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഗൂഢസംഘടനകളും സംവിധാനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും ഇങ്ങനെ ചതിക്കുഴിയിൽ പ്പെടുന്നവരെ ഭീകരപ്രവർത്തനങ്ങൾക്ക് ഇരകളാക്കുന്നുയെന്ന ആരോപണങ്ങളും സംഭവങ്ങളും കൂടിവരികയാണ്. ഇക്കാര്യത്തിൽ കാര്യക്ഷമമായ അന്വേഷണങ്ങളും തുടർനടപടികളും അനിവാര്യമാണ്.

◆◆◆◆◆

www.malankaralibrary.com

22

# അതിജീവിനത്തിനുള്ള സ്നേഹത്തിന്റെ ശക്തിയാണ് ക്രിസ്തുമസ്സ്



മാനവകുലത്തിന്റെ സമഗ്രവിമോചനവും മനുഷ്യ മനസ്സുകളുടെ സമഗ്രരൂപാന്തരീകരണവുമാണ് യേശുനാഥന്റെ തിരുപ്പിറവിയിലൂടെ പിതാവായ ദൈവം ലക്ഷ്യമിട്ടത്. അതി സങ്കീർണമായ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ

www.malankaralibrary.com

സാഹചര്യങ്ങൾക്കു നടുവിലും ക്രിസ്തുമസ്സിന്റെ നക്ഷത്രദീപ്തി മാനവരാശിക്കാകെ പ്രകാശപാത ഒരുക്കുന്നു. അതുകൊണ്ടു തന്നെ ക്രിസ്തുമസ്സിന്റെ സൂചകമായ നക്ഷത്ര വിളക്കുകളിൽനിന്ന് നമ്മിലേക്കു പകരേണ്ടത് സ്നേഹത്തിന്റെയും കരുണയുടെയും നറുംപ്രകാശമാണ്. നമുക്ക് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം, ലോകം നേരിടുന്ന ഏതൊരു പ്രതിസന്ധിക്കു നടുവിലും ദൈവരാജ്യത്തിലേക്കുള്ള വഴിവിള ക്കുകളായി മാറാം. ഉള്ളിലുള്ള വെളിച്ചമൊരു കനലായി, തീയായി, ചൂടായി അപരനിലേക്ക് പ്രസരിപ്പിക്കാൻ രക്ഷകന്റെ ജനന ത്തെക്കുറിച്ചുള്ള സദ്വാർത്ത നമുക്ക് ശക്തി പകരട്ടെ. പ്രതിസന്ധികളെ അതിജീവിക്കാനുള്ള സ്നേഹത്തിന്റെ ശക്തിയാണ് ക്രിസ്തുമസ്സ്.

സഭയുടെ വസ്തുക്കളും സ്ഥാപനങ്ങളും കൈകാര്യം ചെയ്യുന്നതിൽ ഈ രാജ്യത്ത് വ്യക്തമായ സിവിൽ നിയമങ്ങളും സഭാനിയമങ്ങളും ഉള്ളപ്പോൾ സഭയുടെ സ്വത്തുക്കളും സ്ഥാപന ങ്ങളും സുതാര്യമായും നീതിപൂർവ്വകമായും കൈകാര്യം ചെയ്യു ന്നതിനും, ദുരുപയോഗമോ, ദുർഭരണമോ ഉണ്ടായാൽ പരിഹാര മുണ്ടാക്കുന്നതിനും ഒരു പുതിയനിയമം വേണം എന്ന് ചില സഭാവിരുദ്ധ കേന്ദ്രങ്ങൾ നടത്തുന്ന പ്രചാരണങ്ങൾ തെറ്റിദ്ധാര ണാജനകവും പ്രതിഷേധാർഹവുമാണ്.

കോളേജുകളിൽ സംഘടനാ പ്രവർത്തനം നിയമ പരമാക്കാനുള്ള മന്ത്രിസഭാ തീരുമാനം സ്വസ്ഥമായ കലാലയാ ന്തരീക്ഷത്തിന് ഭീഷണിയാണ്. വേണ്ടത്ര ആലോചിക്കാതെയും നിലവിലുള്ള കോടതിവിധികളെ മാനിക്കാതെയും പുതിയ നിയമനിർമാണത്തിനുള്ള തീരുമാനം പ്രതിഷേധാർഹവും കേരളത്തിലെ സമൂഹമനസാക്ഷിയോടുള്ള വെല്ലുവിളിയുമാണ്. ഒരു ബാലികയുടെ ദയനീയ മരണം വേണ്ടിവന്നു, നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ ശോചനീയാവസ്ഥ ചർച്ച ചെയ്യ പ്പെടാൻ. സാക്ഷരകേരളത്തിന് അപമാനമാണു നമ്മുടെ പല സർക്കാർ സ്കൂളുകളുടെയും അവസ്ഥ. തദ്ദേശസ്ഥാപനങ്ങളും സർക്കാരും സ്കൂൾ സുരക്ഷയുടെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുത്ത് സത്വരനടപടികൾ സ്വീകരിക്കണം.

മതഭീകരതയുടെ വിവിധ രൂപങ്ങളും ഭാവങ്ങളും ഇന്ന്

www.malankaralibrary.com

കൂടുതൽ പ്രബലമാവുകയാണ്. മതഭീകരതയ്ക്കു വളം വയ്ക്കുന്ന രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങൾ സംസ്ഥാനത്തു നിലനില്ക്കുന്നു. ഭീകരവാദികളെ ഒറ്റപ്പെടുത്താനും നേരിടുവാനുമുള്ള നടപടികൾ ഊർജ്ജിതമാക്കുക തന്നെ വേണം. ഭീകരതയോടുള്ള മൃദുസമീപനം സമൂഹത്തിൽ ഭീതി ജനിപ്പിക്കുകയും നിയമവാഴ്ച തകർക്കുകയും ചെയ്യും.

കാർഷികമേഖലയെ ആകമാനം ബാധിക്കുന്ന ഭൂപരിഷ്കരണ ചട്ടങ്ങൾ മാനുഷിക താത്പര്യങ്ങൾ പരിഗണിക്കാതെ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ഈ മേഖലയെ ആശ്രയിക്കുന്ന മനുഷ്യരുടെ സ്വസ്ഥമായ ജീവിതാവസ്ഥയാണ് തകർക്കുന്നത്.

മഹാരാഷ്ട്രയിൽ അധികാരം പിടിക്കാൻ നടന്ന ഹീനമായ രാഷട്രീയക്കളികൾ രാജ്യത്തെ ജനാധിപത്യത്തെ മാത്രമല്ല ഭരണഘടനയെയും ഭരണഘടനാസ്ഥാപനങ്ങളെയും കൂടി അപഹാസ്യമാക്കി. കക്ഷി രാഷ്ട്രീയത്തിന് അതീതമായി വേണം ഗവർണർമാരും ഭരണകർത്താക്കളും തങ്ങളുടെ ഭരണഘടനാപരമായ ധർമ്മം നിർവഹിക്കേണ്ടത്. ഇന്ത്യൻ ഭരണഘടനയുടെ എഴുപതാം വാർഷികം നാം ആചരിക്കുമ്പോൾ രാജ്യത്തിന്റെ കെട്ടുറപ്പും സാമ്പത്തിക ഭദ്രതയും ജനങ്ങളുടെ ക്ഷേമവും ഉറപ്പുവരുത്തുന്ന ജനാധിപത്യപ്രക്രിയ കരുത്തോടെ മുന്നോട്ടു കൊണ്ടുപോകാൻ ഭരണഘടന സംരക്ഷിക്കേണ്ടിയിരിക്കുന്നു. ഭരണഘടനയെ രാജ്യത്തിൽ വിശുദ്ധഗ്രന്ഥമായിത്തന്നെ പരിരക്ഷിക്കണം.

ദേശീയ പൗരരജിസ്റ്റർ (എൻആർസി) രാജ്യമാകെ നടപ്പാക്കുമെന്നു കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പാർലമെന്റിൽ വ്യക്തമാക്കിയിരിക്കുകയാണ്. രാജ്യം ആശങ്കയോടെയാണ് ഈ പ്രഖ്യാപനത്തോടു പ്രതികരിക്കുന്നത്. തെളിവ് ഹാജരാക്കുന്നവർക്ക് മാത്രം പൗരത്വമെന്നതും മതം പരിഗണനാ വിഷയ മാകുന്നു എന്നതും ആശങ്കയ്ക്കു കാരണമാകുന്നു. യഥാർത്ഥ പൗരന്മാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും രാജ്യത്ത് നിയമവിരുദ്ധ മാർഗങ്ങളിലൂടെ എത്തിയവരും പങ്കിട്ടെടുക്കുന്ന സ്ഥിതിയും ഭീകരവാദം നേരിടാനുള്ള താത്പര്യവുമാണ് എൻആർസി നടപ്പാക്കുന്നതിനു കാരണമായി ഉന്നയിക്കപ്പെടുന്നതെങ്കിലും പൗരത്വം ഭരണകൂടത്തിന്റെ ഔദാര്യം എന്നതിലേക്കു കാര്യങ്ങളെത്തിയാൽ

www.malankaralibrary.com

പ്രശ്നം വഷളാകുകയേയുള്ളൂ. സാമ്പത്തികമാന്ദ്യം, തൊഴിലില്ലായ്മ തുടങ്ങിയ സുപ്രധാന പ്രശ്നങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കാനാണ് എൻആർസി പോലെ വിവാദ സ്വാഭാവമുള്ള പ്രഖ്യാപനങ്ങളെന്ന ആരോപണം ഉയർന്നു കഴിഞ്ഞു.

◆◆◆◆◆

www.malankaralibrary.com

www.malankaralibrary.com

## MIMS Publications

**മറ്റ് പ്രസിദ്ധീകരണങ്ങൾ:**

| | |
|---|---|
| സപ്തവചസ്സുകൾ | 2021 |
| അർത്തബാൻ (നാടകം) | 2022 |
| ഇടയവചസ്സുകൾ | 2022 |
| ഒരു തച്ചന്റെ കഥ (നാടകം) | 2022 |
| വചനവിത്തുകൾ | 2022 |

MIMS PUBLICATIONS
Mar Ivanios Minor Seminary, Kallumala

www.malankaralibrary.com